04
2024
ഒക്ടോബർ
വെള്ളി
കന്നി 18

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391






തിരുവനന്തപുരം Thiruvananthapuram web: www.nauticaltimesmedia.com Volume-5, Issue No.278 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-278 പേജ് 4. വില 2.00 രൂപ

02 നടൻ മോഹൻ രാജ് അന്തരിച്ചു; 'കീരിക്കാടൻ ജോസ്'ലൂടെ ജനപ്രിയൻ
03 പരാതി നൽകാൻ നിർബന്ധിക്കാനാവില്ലല്ലോ: ഹൈക്കോടതി
04 പൂരം 'കലക്കിയത്' തന്നെ; തിരഞ്ഞെടുപ്പ് ലക്ഷ്യംവെച്ച് അട്ടിമറി ശ്രമം നടന്നെന്ന് മുഖ്യമന്ത്രി

## വിഴിഞ്ഞം തുറമുഖം

# സംസ്ഥാന സമ്പദ്ഘടനയിൽ കുതിപ്പുണ്ടാക്കും: മന്ത്രി

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ വ്യാവസായിക ഭൂപടത്തിലും സമ്പദ്ഘടനയിലും കുതിപ്പുണ്ടാക്കാൻ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന് കഴിയുമെന്ന് വ്യവസായവകുപ്പ് മന്ത്രി പി. രാജീവ്. കമ്മീഷനിങ്ങിന് തയ്യാറായ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് നടക്കുന്ന ചരക്കുനീക്കത്തിന്റെ ട്രയൽ റൺ അടക്കമുള്ള പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനായിയെത്തിയതായിരുന്നു അദ്ദേഹം.

വിഴിഞ്ഞം തുറമുഖത്തിന്റെ വ്യാവസായിക വളർച്ച ഒരു ജില്ലയിൽ ഒതുങ്ങുന്നതല്ല. വിഴിഞ്ഞത്തിന്റെ വളർച്ചയെ അടിസ്ഥാനപ്പെടുത്തി വലിയൊരു ക്യാച്ച്മെന്റ് ഏരിയ സർക്കാർ കാണുന്നുണ്ട്. ഇതിൽ പ്രധാനം ലോജിസ്റ്റിക് പാർക്കുകളാണെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തിനകത്തും



മന്ത്രി പി. രാജീവ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം സന്ദർശിച്ചപ്പോൾ

പുറത്തുനിന്നുമായി ലോജിസ്റ്റിക് പാർക്കുകൾക്കായി വിവിധ കമ്പനികൾ സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

വിഴിഞ്ഞത്തിന്റെ സാധ്യതകൾ പരിഗണിച്ച് സർക്കാർ പുതിയ ലോജിസ്റ്റിക് പോളിസി അംഗീകരിച്ചിട്ടുണ്ട്. 20 കിലോമീറ്ററിനുള്ളിലെങ്കിലും ഒരു ലോജിസ്റ്റിക് പാർക്ക് സാധ്യമാക്കണമെന്നതാണ് സർക്കാരിന്റെ നയം. വ്യാവസായിക സംരഭകരെ ഉൾപ്പെടുത്തി ഫെബ്രുവരി 21, 22 ദിവസങ്ങളിൽ കൊച്ചിയിൽ ഇൻവെസ്റ്റ് കേരളാ ഗ്ലോബൽ ഉച്ചകോടി സംഘടിപ്പിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

മന്ത്രിയോടൊപ്പം വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ എം.ഡി. ഡോ. ദിവ്യാ എസ്. അയ്യർ, വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എം.പി.എം. മുഹമ്മദ് ഹനീഷ്, കെ.എസ്.ഐ.ഡി.സി. എം.ഡി ഹരികിഷോർ, തുറമുഖ കമ്പനി സി.ഇ.ഒ. പ്രദീപ് ജയരാമൻ എന്നിവരും എത്തിയിരുന്നു.


## തിരയിൽ ബന്ധിച്ചു നിർത്തിയ മനുഷ്യ ജൻമങ്ങൾ

**യേശുദാസ് വില്യം**



കൊല്ലം. തിരയിൽ കെട്ടിയിടപ്പെട്ട ജീവിതങ്ങൾ. അക്ഷരാർത്ഥത്തിൽ സത്യമാണ്. കൊല്ലത്തെ പ്രമുഖമായ വാടി, പോർട്ടുകൊല്ലം തീരത്താണ് മൽസ്യബന്ധന വള്ളത്തിൽ ബന്ധിപ്പിച്ച മനുഷ്യ ജീവിതങ്ങളെ കണ്ടത്. ഇവിടെ തീരത്തണയുന്ന ഫൈബർ വള്ളങ്ങളെ കടൽത്തിരകളെ അതിജീവിച്ചു തീരത്തു ബന്ധിപ്പിക്കുന്നത് ദുർബലരായ പാവം മനുഷ്യരുടെ ശരീരത്തിലാണ്.

വേലിയേറ്റത്തിലും ഇറക്കത്തിലും തിരമാലകളുടെ ആയിപ്പിൽ പാവം മനുഷ്യരുടെ ചുമലിൽ ബന്ധിച്ചിരിക്കുന്ന റോപ്പ് വലിയുകയും അയയുകയും ചെയ്യുന്നു. ദുർബലരായ പാവം മനുഷ്യർ സർവ്വശക്തിയുമെടുത്തു വള്ളങ്ങളെ തീരത്തു തന്നെ പിടിച്ചുനിർത്തുന്നു. മണിക്കുറുകൾ നീണ്ട കഠിനപ്രയത്നത്തിനൊടുവിൽ കിട്ടുന്നതും വാങ്ങി തീരം വിടുന്നു എന്തിനും ഏതിനും കടലിൽ കല്ലിടുന്ന ഹാർബർ എൻജിനീയറിംഗ് വകുപ്പിന് കേരളത്തിലെ ഏറ്റവും പ്രമുഖമായ ഫിഷ് ലാന്റിംഗ് സെന്ററിൽ വള്ളമടുക്കാനും മീനിറക്കുവാനും സൗകര്യമൊരുക്കാനാവുന്നില്ല. ബലിമൃഗങ്ങളെപ്പോലെ പാവം മനുഷ്യർ തീരത്ത് വള്ളങ്ങളുടെ ബന്ധനത്തിലാവുന്നു. ഇതൊരു മനുഷ്യാവകാശധ്വംസനമാണ്. തൊട്ടപ്പുറത്ത് തുറമുഖത്ത് കപ്പലടുക്കാനും നിർമ്മിച്ച ബർത്തും അശാസ്ത്രീയമാണ്. കപ്പലിനും വള്ളത്തിനും അടുക്കാനാവാത്ത സംവിധാനങ്ങൾ.






# കൊല്ലം തീരത്തെ തമിഴ് പെൺകൾ

**കോസ്റ്റൽ റിപ്പോർട്ടർ**

കൊല്ലം : ഇതു ദുർഗ്ഗ. തമിഴ്നാട്ടിലെ സേലം ജില്ലയിലെ കുഗ്രാമത്തിൽ നിന്നും വരുന്നു. കൊല്ലം തങ്കശ്ശേരി, വാടി, പോർട്ട് കൊല്ലം മേഖലയിലെ തീരത്ത് ദുർഗ്ഗ എത്തിയിട്ടു ഒരു മാസം തികയുന്നതേയുള്ളു. തീരത്തെ മൽസ്യ അനുബന്ധ തൊഴിലാളിയാണ് ദുർഗ്ഗ .മൂന്നു ക്കളുണ്ട് മുത്തയാൾ നാട്ടിൽ തന്നെ. ബാക്കി രണ്ടു പേരെ കൊല്ലത്തു സ്കൂളിൽ ചേർത്തു താമസം ചിന്നക്കടക്കു അടുത്തെന്നു പറഞ്ഞു



തീരമണയുന്ന വള്ളത്തിൽ നിന്നും മീനിറക്കുന്ന ജോലിയാണ് ദുർഗ്ഗചെയ്യുന്നത്. പണ്ടൊക്കെ കടലിൽ പോകുന്നവരും ആണുങ്ങളും ചെയ്തിരുന്ന പണി ദുർഗ്ഗയെപ്പോലെ തമിഴ് പെൺകൊടികൾ ചെയ്യുന്നു. ഒരു വള്ളത്തിലെ ചരക്ക് ഇറക്കുമ്പോൾ വള്ളക്കാർ ഒരു തുക നൽകും. പിന്നെ കുറച്ചു മീനും മീൻ വിറ്റു കാശാക്കും. വൈകുന്നേരമാകുമ്പോൾ ചെറിയൊരുതുകയുമായി മടക്കം.

കേരള തീരത്ത് പുതിയ തലമുറ തീരത്തു നിന്നും പിന്നോക്കം പോയിരിക്കുന്നു കടൽ പണിക്കും , കരയിലെ അനുബന്ധ തൊഴിലിനും പുറത്തുനിന്നും വരുന്നവരാണ്. പരമ്പരാഗതമൽസ്യത്തൊഴിലാളികളുടെ പൈതൃകവും തൊഴിൽ രീതികളും മാറുകയാണ്. ദുർഗ്ഗയോട് ചോദിച്ചു കണ്ടവന് പണിയെന്താണ്. 'വള്ളത്തിലെ പണി'മുർഗ്ഗ പറഞ്ഞു.

## തൃശൂർ പൂരം: വിശദമായ അന്വേഷണവും നിയമ നടപടിയും സ്വീകരിക്കും

തൃശൂർ പൂരം അലങ്കോലമാക്കാൻ ശ്രമം നടന്നുവെന്ന അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇതുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളെക്കുറിച്ച് വിശദമായി അന്വേഷിക്കാനും നിയമനടപടി സ്വീകരിക്കാനും സർക്കാർ തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ അറിയിച്ചു. ക്രൈം ബ്രാഞ്ച് എ. ഡി. ജി. പി എച്ച്. വെങ്കിടേഷിന്റെ നേതൃത്വത്തിൽ പ്രത്യേക സംഘത്തിനാണ് അന്വേഷണ ചുമതല. പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട ചുമതല വഹിച്ച വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ആരുടെയെങ്കിലും ഭാഗത്തു നിന്ന് വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതേക്കുറിച്ചും അന്വേഷിക്കും. ഇന്റലിജൻസ് എ. ഡി. ജി. പി മനോജ് എബ്രഹാമാണ് ഇത് അന്വേഷിക്കുക. ക്രമസമാധാന ചുമതലയുള്ള എ. ഡി. ജി. പിയുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായെന്ന ഡി. ജി. പിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന പോലീസ് മേധാവിയെ തന്നെ ചുമതലപ്പെടുത്തി. ബുധനാഴ്ച നടന്ന മന്ത്രിസഭാ യോഗമാണ് ഈ വിഷയത്തിൽ തീരുമാനമെടുത്തത്.

പൂരം നടത്തിപ്പിൽ ഭാവിയിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ കർശന നടപടിയുണ്ടാകുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

# നിയമസഭാ സമ്മേളനത്തിൽ പ്രധാനം നിയമനിർമാണം: സ്പീക്കർ എ.എൻ. ഷംസീർ

നാളെ (ഒക്ടോബർ 4) ആരംഭിക്കുന്ന പതിനഞ്ചാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനം നിയമനിർമ്മാണത്തിനാണ് പ്രാധാന്യം നൽകുന്നതെന്ന് സ്പീക്കർ എ.എൻ. ഷംസീർ പറഞ്ഞു. നിയമസഭാ മീഡിയ റൂമിൽ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു സ്പീക്കർ. ഈ സമ്മേളനത്തിൽ ആകെ 9 ദിവസമാണ് സഭ ചേരാൻ നിശ്ചയിച്ചിട്ടുള്ളത്. ആദ്യ ദിവസമായ ഒക്ടോബർ 4ന് വയനാട്, കോഴിക്കോട് ജില്ലകളിലെ മണ്ണിടിച്ചിലിന്റെ ഫലമായി ഉണ്ടായ ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച് അന്നേ ദിവസത്തേക്ക് സഭ പിരിയും.

സമ്മേളന കാലയളവിൽ ബാക്കി എട്ട് ദിവസങ്ങളിൽ ആറു ദിവസങ്ങൾ സർക്കാർ കാര്യങ്ങൾക്കും രണ്ട് ദിവസങ്ങൾ അനൗദ്യോഗികാംഗങ്ങളുടെ കാര്യങ്ങൾക്കുമായി നീക്കിവച്ചിരിക്കുന്നു. ഒക്ടോബർ 18ന് നടപടികൾ പൂർത്തീകരിച്ച് സമ്മേളനം അവസാനിപ്പിക്കുന്ന തരത്തിലാണ് കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്.

ഈ സമ്മേളന കാലയളവിൽ പരിഗണനയ്ക്കു വരുന്ന പ്രധാന ബില്ലുകൾ;

ദ കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി (അമന്റ്മെൻഡ്) ബിൽ (ബിൽ നം.179), 2023ലെ കേരള കന്നുകാലി പ്രജനന ബിൽ (ബിൽ നം. 180), ദ കേരള പബ്ലിക് സർവീസ് കമ്മീഷൻ (അഡീഷണൽ ഫങ്ഷൻസ് ആസ് റെസ്പെക്ട്സ് സേർട്ടൺ കോർപ്പറേഷൻസ് ആൻഡ് കമ്പനീസ്) അമന്റ്മെൻഡ് ബിൽ 2024 (ബിൽ നം.190), കേരള ജനറൽ സെൽസ് ടാക്സ് (അമന്റ്മെൻഡ്) ബിൽ 2024 (ബിൽ നം.191), 2024 ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ (ബിൽ നം. 213), ദ പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് (അമന്റ്മെൻഡ്) ബിൽ 2022 (ബിൽ നം.107) എന്നിവയാണ്.

കൂടാതെ, 2017 ലെ കേരള സംസ്ഥാന ചരക്കു സേവന നികുതി നിയമം, 2020 ലെ കേരള ധനകാര്യ നിയമം, 2008 ലെ കേരള ധനകാര്യ നിയമം എന്നിവ ഭേദഗതി ചെയ്യുന്നതിനായി പുറപ്പെടുവിച്ച 2024ലെ കേരള നികുതി ചുമത്തൽ നിയമങ്ങൾ (ഭേദഗതി) ഓർഡിനൻസിനു പകരമുള്ള ബില്ലും ഈ സമ്മേളനത്തിൽ പരിഗണിച്ച് പാസാക്കേണ്ടതുണ്ട്. ബില്ലുകൾ പരിഗണിക്കുന്നതിനുള്ള സമയക്രമം സംബന്ധിച്ച് ഒക്ടോബർ 4ന് ചേരുന്ന കാര്യോപദേശക സമിതി തീരുമാനമെടുക്കും.

നിയമസഭാ സംവാദങ്ങൾ മലയാളത്തിൽ

നിയമസഭാ സെക്രട്ടേറിയറ്റിന്റെ ആഭിമുഖ്യത്തിൽ നിയമവകുപ്പിന്റെ സഹകരണത്തോടെ ഭരണഘടനാ നിർമ്മാണ സഭയുടെ ഡിബേറ്റ്സ് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുന്ന ഒരു പ്രൊജക്ട് 2022 മെയിൽ ആരംഭിച്ചിരുന്നു. ഇന്ത്യയിൽ ആദ്യമായാണ് ഒരു നിയമസഭ ഭരണഘടനാ നിർമ്മാണ സഭയിലെ ചർച്ച ഒരു പ്രാദേശിക ഭാഷയിലേക്ക് പരിഭാഷപ്പെടുത്തുന്ന പ്രവർത്തനം നടപ്പാക്കുന്നത്. ഉദ്യോഗസ്ഥ തലങ്ങളിൽ തയ്യാറാക്കുന്ന പരിഭാഷ പരിശോധന നടത്തുന്നതിനായി മുൻ നിയമസഭാ സെക്രട്ടറി ഡോ. എൻ.കെ. ജയകുമാർ ചെയർമാനായും നിയമസഭാ സെക്രട്ടറി കൺവീനറായും ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചു പ്രവർത്തിച്ചു വരുന്നു. ഈ പ്രൊജക്ടിൽ ഭരണഘടനാ നിർമ്മാണ സഭയിലെ ആകെ 167 ദിവസങ്ങളിലെ ഡിബേറ്റ്സുകളാണ് പരിഭാഷപ്പെടുത്തുന്നത്. നിലവിൽ 09.12.1946 മുതൽ 02.05.1947 വരെയുള്ള തീയതികളിൽ ആകെ 21 ദിവസങ്ങളിലായി, ഭരണഘടനാ നിർമ്മാണ സഭയിൽ നടന്ന ഡിബേറ്റുകളുടെ പരിഭാഷ തയ്യാറായി വരുന്നു. പരിഭാഷയുടെ ആദ്യ വാല്യം ഇന്ത്യൻ റിപ്പബ്ലിക്കിന്റെ 75ാം വാർഷികത്തോടനുബന്ധിച്ച് 2025 ജനുവരി 26ന് റിപ്പബ്ലിക് ദിനത്തിൽ പ്രകാശനം ചെയ്യാനാണുദ്ദേശിക്കുന്നത്.

കേരള നിയമസഭ അന്താരാഷ്ട്ര പുസ്തകോത്സവം മൂന്നാം പതിപ്പ്

കേരള നിയമസഭ ദേശീയ തലത്തിൽത്തന്നെ ശ്രദ്ധിക്കപ്പെട്ട രീതിയിൽ രണ്ട് അന്താരാഷ്ട്ര പുസ്തകോത്സവങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. കേരള നിയമസഭാ ലൈബ്രറിയുടെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി 2023 ജനുവരി 09 മുതൽ 15 വരെ സംഘടിപ്പിച്ച പ്രഥമ പുസ്തകോത്സവത്തിൽ എൺപതെട്ടോളം പ്രസാധകർ പങ്കെടുക്കുകയും 124 സ്റ്റാളുകൾ സജ്ജീകരിക്കുകയും ചെയ്തിരുന്നു. 2023 നവംബർ ഒന്നുമുതൽ ഏഴ് വരെ സംഘടിപ്പിക്കപ്പെട്ട അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ രണ്ടാം പതിപ്പിൽ 158 പ്രസാധകർ പങ്കെടുക്കുകയും 252 സ്റ്റാളുകൾ ഒരുക്കുകയും ചെയ്തു. നോബൽ സമ്മാന ജേതാക്കളുൾപ്പെടെ ദേശീയ, അന്തർദേശീയ തലത്തിൽ പ്രശസ്തരായ ഒട്ടേറെ വ്യക്തിത്വങ്ങൾ പുസ്തകോത്സവത്തിന്റെ രണ്ട് പതിപ്പുകളിലുമായി പങ്കെടുത്തിരുന്നു. ബഹുജനപങ്കാളിത്തം കൊണ്ട് ഏറെ ചർച്ച ചെയ്യപ്പെട്ട പുസ്തകോത്സവം ദേശീയ തലത്തിൽ തന്നെ നിയമസഭകളുടെ ചരിത്രത്തിൽ മുൻ മാതൃകകളില്ലാത്ത പ്രവർത്തനമായിരുന്നു.

അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പ് 2025 ജനുവരി ആദ്യവാരം സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുസ്തകോത്സവം മുൻ പതിപ്പുകളേക്കാൾ മികച്ച രീതിയിലും കുറ്റമറ്റ തരത്തിലും സംഘടിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. നിയമസഭാ സാമാജികരെ കൂടി ഉൾപ്പെടുത്തി വിവിധ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനങ്ങൾ നടന്നു വരുന്നു. അന്താരാഷ്ട്ര പുസ്തകോത്സവത്തിന്റെ മൂന്നാം പതിപ്പും വൻ വിജയമാക്കിത്തീർക്കുന്നതിന് മുൻ പതിപ്പുകളിൽ ഉണ്ടായിരുന്നതുപോലെയുള്ള സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നതായും സ്പീക്കർ പറഞ്ഞു. നിയമസഭ സെക്രട്ടറി ഡോ. എൻ. കൃഷ്ണകുമാർ സന്നിഹിതനായിരുന്നു.

## നടൻ മോഹൻ രാജ് അന്തരിച്ചു; 'കീരിക്കാടൻ ജോസി'ലൂടെ ജനപ്രിയൻ



തിരുവനന്തപുരം : പ്രശസ്ത നടൻ മോഹൻ രാജ് അന്തരിച്ചു. തിരുവനന്തപുരം കാഞ്ഞിരംകുളത്തെ വീട്ടിൽ വ്യാഴാഴ്ച വൈകിട്ട് മൂന്നു മണിയോടെയായിരുന്നു അന്ത്യം. സംസ്കാരം നാളെ. പാർക്കിൻസൻസ് രോഗബാധിതനായിരുന്നു. കിരീടം സിനിമയിലെ കീരിക്കാടൻ ജോസ് എന്ന വില്ലൻ കഥാപാത്രമാണ് മോഹൻ രാജിനെ പ്രശസ്തനാക്കിയത്. മുന്നൂറോളം ചിത്രങ്ങളിൽ വേഷമിട്ടിട്ടുണ്ട്. ഭാര്യ: ഉഷ. മക്കൾ: ജയ്ഷ്മ, കാവ്യ.

കിരീടം ഇറങ്ങിയ കാലം മുതൽ മോഹൻരാജ് കേട്ട ചോദ്യം, 'നിങ്ങളല്ലേ കീരിക്കാടൻ?'

കാഞ്ഞിരംകുളം സ്വദേശിയായ മോഹൻരാജ് തിരുവനന്തപുരം ഗവ. ആർട്സ് കോളജിൽ വിദ്യാർഥിയായിരിക്കെ കായികതാരമായിരുന്നു. പിന്നീട് സൈന്യത്തിലെത്തി. കാലിനു പരുക്കേറ്റതിനെ തുടർന്ന് ആർമിയിലെ ജോലി വിട്ട് കസ്റ്റംസിലും പിന്നീട് എൻഫോഴ്സ്മെന്റിലും ഉദ്യോഗസ്ഥനായി. എൻഫോഴ്സ്മെന്റ് ഓഫിസറായി ചെന്നൈയിൽ ജോലി ചെയ്യുമ്പോഴാണ് സിനിമയിലെത്തിയത്. 'കഴുമലൈ കള്ളൻ' എന്ന തമിഴ് സിനിമയിലൂടെയായിരുന്നു അരങ്ങേറ്റം. അതിനു ശേഷം 'ആൺകളെ നമ്പാതെ' എന്ന ചിത്രത്തിലും അഭിനയിച്ചു.

## വാഹന ദർഘാസ്

2024 ഒക്ടോബർ മാസം മുതൽ ഒരു വർഷത്തേക്ക് പരീക്ഷാ കമ്മീഷണറുടെ ഓഫീസിൽ നിന്നും പരീക്ഷാ സാമഗ്രികൾ വിവിധ പരീക്ഷാ കേന്ദ്രങ്ങളിലും സംസ്ഥാനത്തെ 41 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും എത്തിക്കുന്നതിന് ലൈറ്റ് മോട്ടോർ വെഹിക്കിൾ (എൽ.എം.വി) വാഹനങ്ങളായ ക്വാളിസ്, ഇന്നോവ, ബൊലേറോ, സുമോവിക്ട, ജാസ്സ് തുടങ്ങിയ വാഹന ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ദർഘാസ് ഇടെൻഡർ മുഖേന ഒക്ടോബർ 15 നകം ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. ഇടെൻഡർ ഒക്ടോബർ 16ന് വൈകിട്ട് 3ന് തുറക്കും. അടങ്കൽ തുക, ദർഘാസ് ഫീസ്, നിരതദ്രവ്യം എന്നിവ സംബന്ധിച്ച വിവരം e-ten-d-er-s.k-er-a-l-a.gov.in എന്ന സർക്കാർ വെബ്സൈറ്റിൽ T-en-d-er I-D: 2024- C-G-E-69336-1 പ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച വിശദ വിവരങ്ങൾ അറിയാൻ പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ (എഫ് സെക്ഷൻ, പരീക്ഷാ ഭവൻ, പൂജപ്പുര, തിരുവനന്തപുരം (ഫോൺ നം. 04712546825)) ബന്ധപ്പെടാം.

## ഭൂമിത്രസേന ക്ലബ്ബ് പദ്ധതിക്കുള്ള അപേക്ഷ ക്ഷണിച്ചു

സംസ്ഥാന പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റിന്റെ 'പരിസ്ഥിതി അവബോധവും വിദ്യാഭ്യാസവും' പ്ലാൻ ശീർഷകത്തിൽ ഉൾപ്പെടുന്ന ഭൂമിത്രസേന ക്ലബ്ബ് പദ്ധതിയിൽ അപേക്ഷ ക്ഷണിച്ചു. സംസ്ഥാനത്തെ സർക്കാർ/ എയ്ഡഡ് കോളജുകൾക്കും ഹയർ സെക്കൻഡറി/ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾക്കും അപേക്ഷ സമർപ്പിക്കാം. വിശദാംശങ്ങൾ h-ttp-s://sc-h-em-e-s.env-t.k-er-a-l-a.gov.in/bm-c/hom-e ൽ ലഭ്യമാണ്. അപേക്ഷകളും അനുബന്ധ രേഖകളും h-ttp-s://sc-h-em-e-s.env-t.k-er-a-l-a.gov.in/bm-c/r-e-g-i-str-a-tion എന്ന ലിങ്ക് മുഖേന ഒക്ടോബർ 30ന് മുമ്പ് സമർപ്പിക്കണം. അപേക്ഷ നേരിട്ടോ തപാൽ മുഖേനയോ സ്വീകരിക്കില്ല.

# വീസ തട്ടിപ്പുകൾക്കെതിരേ ജനങ്ങൾ ജാഗ്രത പുലർത്തണം: നോർക്ക

*** സന്ദർശക വീസയെന്നത് രാജ്യം സന്ദർശിക്കുന്നതിനുള്ള അനുമതി മാത്രം**

വീസ തട്ടിപ്പുകൾക്കെതിരേ ജനങ്ങൾ ജാഗ്രത പുലർത്തണമെന്ന് നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അജിത് കോളശേരി അറിയിച്ചു. സന്ദർശക വീസയിൽ വിദേശരാജ്യത്ത് എത്തുന്നവർക്ക് ജോലി ലഭിക്കാൻ അവസരമൊരുക്കുമെന്ന നിലയിൽ റിക്രൂട്ട്മെന്റ് ഏജൻസികൾ വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിൽ അത് തട്ടിപ്പാണെന്ന് തിരിച്ചറിയണം.

സന്ദർശക വീസയെന്നത് രാജ്യം സന്ദർശിക്കുന്നതിനുള്ള അനുമതി മാത്രമാണ്. അത് ജോലിക്കായുള്ള അനുമതിയല്ലെന്ന തിരിച്ചറിവു വേണം. സന്ദർശക വീസയിൽ ജോലി ലഭിക്കുമെന്ന് റിക്രൂട്ട്മെന്റ് ഏജൻസികൾ വാഗ്ദാനം ചെയ്താൽ അതു തെറ്റാണ്. ഒരു രാജ്യവും സന്ദർശക വീസയിൽ ജോലി അനുവദിക്കില്ല. ഇങ്ങനെയുള്ള വാഗ്ദാനം വിശ്വസിച്ച് വിദേശരാജ്യത്തേക്കു പോയാൽ അതു നിയമപ്രശ്നങ്ങൾക്ക് ഇടയാക്കുകയും പിടിക്കപ്പെട്ടാൽ ജയിൽ ശിക്ഷ അനുഭവിക്കേണ്ടിയും വരാം. ഇന്ത്യയിലേക്ക് തിരിച്ചു വരാൻ പറ്റാത്ത അവസ്ഥ ഉണ്ടാകാനും സാധ്യതയുണ്ട്. പലപ്പോഴും ഏജൻസി വാഗ്ദാനം ചെയ്ത ജോലി ആവില്ല അവിടെ ചെല്ലുമ്പോൾ ലഭിക്കുന്നതും. കൃത്യമായ ശമ്പളമോ, ആഹാരമോ, താമസ സൗകര്യമോ, തൊഴിൽ നിയമങ്ങളുടെ പരിരക്ഷയോ ലഭിക്കില്ല. ഇത്തരത്തിൽ പോയ പലരും തിരിച്ചു വരുന്നില്ല. അവരുടെ സ്ഥിതി എന്താണെന്നു പോലും അറിയാൻ കഴിയാത്ത സാഹചര്യവും നിലവിലുണ്ട്. ഇങ്ങനെയുള്ളവരെ പിന്നീട് ബന്ധപ്പെടാൻ കഴിയാറില്ലെന്നതും ആശങ്കപ്പെടുത്തുന്നതാണ്.

ഇന്ത്യയിൽനിന്നും സന്ദർശക വീസയിൽ ഏജൻസികളുടെ തെറ്റായ വാഗ്ദാനങ്ങൾ വിശ്വസിച്ചു മലേഷ്യ, കംബോഡിയ, തായ്ലൻഡ്, മ്യാൻമാർ, ലാവോസ്, വിയറ്റ്നാം തുടങ്ങിയ തെക്കുകിഴക്കൻ ഏഷ്യൻ രാജ്യങ്ങളിലേക്ക് പോയ നിരവധി പേർ തട്ടിപ്പിനിരയായതായി വിവരം പുറത്തുവന്നിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ള, ലൈസൻസ് ഉള്ള റിക്രൂട്ട്മെന്റ് ഏജൻസികൾ മുഖേന മാത്രമേ ജോലിക്കായി രാജ്യത്തിനു പുറത്തേക്കു പോകുന്നുള്ളെന്ന് തൊഴിൽ അന്വേഷകർ ഉറപ്പുവരുത്തണം. തൊഴിൽ വീസയുടെ ആധികാരികത, തൊഴിൽ നൽകുന്ന കമ്പനിയുടെ വിവരങ്ങൾ, റിക്രൂട്ട്മെന്റ് ഏജൻസിയുടെ പ്രവർത്തന മികവ്, മുൻപ് തൊഴിൽ ലഭിച്ചവരുടെ അഭിപ്രായം എന്നിവ തൊഴിൽ അന്വേഷകർ കൃത്യമായി മനസിലാക്കണം. റിക്രൂട്ട്മെന്റ് ഏജൻസിക്ക് കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അംഗീകാരമുള്ളതാണോയെന്ന് ഇമൈഗ്രേറ്റ് പോർട്ടൽ മുഖേന തൊഴിൽ അന്വേഷകർക്ക് എളുപ്പത്തിൽ പരിശോധിക്കാവുന്നതാണെന്നും ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

# കേരള സർവകലാശാലയിൽ 58 കോടിയുടെ വികസന പ്രവർത്തനങ്ങൾ ഉടൻ നടപ്പിലാക്കും : മന്ത്രി ഡോ ആർ ബിന്ദു

വിജ്ഞാനാധിഷ്ഠിത സമൂഹം രൂപപ്പെടുത്താൻ സർവകലാശാലകളിലും കോളേജുകളിലും നടത്തിവരുന്ന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി കേരള സർവകലാശാലയിൽ 58 കോടിരൂപയുടെ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ ആർ ബിന്ദു. കേരള സർവകലാശാലയിൽ ഇതിനോടകം ആരംഭിച്ച കേന്ദ്രീകൃത ലാബ് രാജ്യത്തെ തന്നെ ഏറ്റവും മികച്ചതാണെന്നും മന്ത്രി പറഞ്ഞു.

സർക്കാരിന്റെ നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ പ്രവർത്തനമാരംഭിച്ച കമ്പ്യൂട്ടർ ആർട്ടിഫാക്റ്റ്സ് മ്യൂസിയത്തിന്റേയും ഗ്യാലറിയുടേയും സ്വയം പ്രേരിത കാലാവസ്ഥാ നിരീക്ഷണ സംവിധാനത്തിന്റേയും ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മന്ത്രി.

35 കോടി രൂപ ചെലവിൽ മഹാത്മാഗാന്ധി സർവകലാശാലയിലും കേന്ദ്രീകൃത ലാബ് സജ്ജമാക്കിയിട്ടുണ്ട്. വിജ്ഞാനാധിഷ്ഠിത സമൂഹം വാർത്തെടുക്കാനുതകുന്ന തരത്തിലാണ് അത്യാധുനിക നിലവാരത്തിൽ ലാബുകളുടെ നിർമ്മാണവും ലൈബ്രറികളുടെ ആധുനികവൽക്കരണവും അടിസ്ഥാനസൗകര്യ വികസനവും നടപ്പിലാക്കുന്നത്.ഈ ലക്ഷ്യം മുൻനിർത്തി കരിക്കുലവും പരിഷ്കരിച്ചുവരികയാണ്. വിദ്യാർഥികളിൽ ശാസ്ത്രീയ വീക്ഷണവും യുക്തിബോധവും വളർത്തിയെടുക്കുന്നതിൽ സർക്കാർ പ്രഥമ പരിഗണന നൽകുന്നുണ്ട്. വിദ്യാർഥി സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സമീപനമാണ് സർക്കാരിന്റേതെന്നും ഇതിലൂടെ വിദ്യാർഥികൾ തൊഴിൽ ദാതാക്കളായി മാറ്റപ്പെടുകയാണെന്നും മന്ത്രി പറഞ്ഞു.കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ഭാഗമായ ഇന്നവേഷൻ ഹബ് കൂടുതൽ വിദ്യാർഥികൾക്ക് ഉപയുക്തമാക്കുന്നതിനായി ഗവ. ആർട്സ് കോളേജും ഗവ. വിമൻസ് കോളേജുമായി ഒപ്പിട്ട ധാരണാപത്രം ചടങ്ങിൽ മന്ത്രി കൈമാറി. നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിന്റെ സഹായത്തോടെയാണ് സ്വയം പ്രേരിത കാലാവസ്ഥ നിരീക്ഷണ സംവിധാനം ചിട്ടപ്പെടുത്തിയിരിക്കുന്നത്. ഇന്ത്യൻ കമ്പ്യൂട്ടിംഗ് മേഖലയെ അടിസ്ഥാനമാക്കിയാണ് കമ്പ്യൂട്ടർ ആർട്ടിഫാക്റ്റ്സ് മ്യൂസിയം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

അഡ്വ വികെ പ്രശാന്ത് എംഎൽഎ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് ഡയറക്ടർ പ്രൊഫ. എൻ വി ചലപതി റാവു വിശിഷ്ടാതിഥിയായിരുന്നു. മ്യൂസിയം ഡയറക്ടർ ഇൻചാർജ് സോജു എസ് എസ്, അസിസ്റ്റന്റ് ഡയറക്ടർ സുന്ദർലാൽ പി എസ്, ആർട്സ് കോളേജ് പ്രിൻസിപ്പൽ പ്രൊഫ.ഡോ. സുബ്രമണിയൻ എസ്, വിമൻസ് കോളേജ് പ്രിൻസിപ്പൽ അനില ജെ എസ്, കുന്നുകുഴി വാർഡ് കൗൺസിലർ മേരി പുഷ്പം എന്നിവർ പങ്കെടുത്തു.




സർക്കാരിന്റെ നൂറുദിന കർമ്മപരിപാടികളുടെ ഭാഗമായി കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ പ്രവർത്തനമാരംഭിച്ച കമ്പ്യൂട്ടർ ആർട്ടിഫാക്റ്റ്സ് മ്യൂസിയത്തിന്റേയും ഗ്യാലറിയുടേയും സ്വയം പ്രേരിത കാലാവസ്ഥാ നിരീക്ഷണ സംവിധാനത്തിന്റേയും ഉദ്ഘാടനം ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവഹിക്കുന്നു

# വയനാട് ദുരന്തം: മോഡൽ ടൗൺഷിപ്പിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി

*** മാതാപിതാക്കൾ നഷ്ടപ്പെട്ട കുട്ടികൾക്ക് സഹായം**
*** കുടുംബാംഗങ്ങൾ നഷ്ടപ്പെട്ട ശ്രുതിക്ക് ജോലി**
*** അർജുന്റെ കുടുംബത്തിന് ഏഴു ലക്ഷം**

വയനാട് ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടമായവരെ പുനരധിവസിപ്പിക്കുന്നതിന് മോഡൽ ടൗൺഷിപ്പ് ഒരുക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

മേപ്പാടി നെടുമ്പാല എസ്റ്റേറ്റും കൽപ്പറ്റ എൽസ്റ്റോൺ എസ്റ്റേറ്റുമാണ് ഇതിനായി കണ്ടെത്തിയിരിക്കുന്നത്. ദുരന്തനിവാരണ നിയമം 2005 പ്രകാരമാണ് സ്ഥലം ഏറ്റെടുക്കുക.

വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെയാവും ഒന്നാം ഘട്ടത്തിൽ പുനരധിവസിപ്പിക്കുക. വാസയോഗ്യമല്ലാത്ത സ്ഥലത്ത് കഴിയുന്നവരെ രണ്ടാം ഘട്ടത്തിൽ പുനരധിവസിപ്പിക്കും. ഗുണഭോക്താക്കളുടെ കരടു പട്ടിക ജില്ലാ കളക്ടർ പ്രസിദ്ധീകരിക്കും. ദുരന്തത്തിൽ കുടുംബാംഗങ്ങളെയും പ്രതിശ്രുത വരനെയും നഷ്ടപ്പെട്ട ശ്രുതിക്ക് സർക്കാർ ജോലി നൽകും.

ഉരുൾപൊട്ടലിൽ മാതാപിതാക്കളെ രണ്ടു പേരെയും നഷ്ടപ്പെട്ട ആറ് കുട്ടികൾക്ക് പത്തു ലക്ഷം രൂപ വീതവും മാതാപിതാക്കളിൽ ഒരാളെ നഷ്ടപ്പെട്ട എട്ടു കുട്ടികൾക്ക് അഞ്ച് ലക്ഷം രൂപ വീതവും നൽകും. വനിതാശിശുവികസന വകുപ്പാണ് തുക നൽകുക. കേന്ദ്രത്തിൽ നിന്ന് അനുയോജ്യമായ സഹായം ലഭ്യമാക്കുന്നതിന് വീണ്ടും ആവശ്യപ്പെടാനും ഈ വിഷയം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും മന്ത്രിസഭാ യോഗം തീരുമാനിച്ചു.ഷിരൂരിൽ മണ്ണിടിച്ചിലിൽ മരിച്ച കോഴിക്കോട് സ്വദേശി അർജുന്റെ കുടുംബത്തിന് ഏഴു ലക്ഷം രൂപ നൽകുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

## തുക കൈപ്പറ്റാം

കാഞ്ഞിരംകുളം കെഎൻഎം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ 201819 കാലയളവിലെ ഫിഷറീസ് വിദ്യാഭ്യാസാനുകൂല്യ ഇനത്തിൽ വിതരണം നടത്താത്ത തുക കോളേജ് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട്.

അർഹരായ വിദ്യാർഥികൾ 2024 ഒക്ടോബർ 31 ന് മുൻപായുള്ള പ്രവർത്തി ദിവസങ്ങളിൽ ഉച്ചയ്ക്ക് 3 മണിക്ക് മുൻപായി തിരിച്ചറിയൽ കാർഡുമായി എത്തി കോളേജ് ഓഫീസിൽ നിന്നും തുക നേരിട്ട് കൈപ്പറ്റേണ്ടതാണ്. അല്ലാത്ത പക്ഷം തുക സർക്കാരിലേക്ക് ഒടുക്കുന്നതാണെന്ന് അറിയിക്കുന്നു.

## സ്പോട്ട് അഡ്മിഷൻ ഇന്ന്

തിരുവനന്തപുരം എൽ.ബി.എസ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുര എൽ.ബി.എസ് വനിത എൻജിനിയറിങ് കോളേജിൽ എം.ടെക്, ബി.ടെക് വിവിധ ബ്രാഞ്ചുകളിൽ ഒഴിവുള്ള സീറ്റിലേക്ക് അഡ്മിഷന് ഒക്ടോബർ 4ന് രാവിലെ 9.30ന് കോളേജിൽ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 9895983656, 9995595456, 9497000337, 7907783153.

## പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ്: സ്പെഷ്യൽ അലോട്ട്മെന്റ് 10ന്

സംസ്ഥാനത്തെ സർക്കാർ/ സ്വാശ്രയ കോളേജുകളിലേക്ക് 202425 വർഷത്തെ പോസ്റ്റ് ബേസിക് ബി.എസ്.സി നഴ്സിംഗ് ഡിഗ്രി കോഴ്സിലേക്കുള്ള പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് ഒക്ടോബർ 10ന് സ്പെഷ്യൽ അലോട്ട്മെന്റ് നടത്തും.

www.l-b-sc-e-tnr-e.k-er-a-l-a.gov.in ൽ ഓൺലൈനായി ഒക്ടോബർ 7 മുതൽ 9 വരെ ഓപ്ഷനുകൾ സമർപ്പിക്കണം. പുതുതായി ഉൾപ്പെടുത്തിയ കോളേജിലേക്കും ഓപ്ഷനുകൾ സമർപ്പിക്കാം. മുൻപ് സമർപ്പിച്ച ഓപ്ഷനുകൾ സ്പെഷ്യൽ അലോട്ട്മെന്റിന് പരിഗണിക്കില്ല. മുൻ അലോട്ട്മെന്റുകൾ വഴി സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടിയവർ എൻ.ഒ.സി ഹാജരാക്കണം. വിശദവിവരങ്ങൾക്ക് ഫോൺ: 04712560363, 364.

# പിണറായി വായ തുറക്കുന്നത് കള്ളം പറയാൻ മാത്രം: കെ സുധാകരൻ എംപി

കള്ളം പറയാൻ മാത്രമാണ് ഇപ്പോൾ മുഖ്യമന്ത്രി പിണറായി വിജയൻ വായ തുറക്കുന്നതെന്ന് കെപിസിസി പ്രസിഡന്റ് കെ സുധാകരൻ എംപി. മഹാരഥന്മാരായ മുഖ്യമന്ത്രിമാർ ഇരുന്ന കസേരയിലാണ് താൻ ഇരിക്കുന്നതെന്നും കേരളത്തിലെ പ്രബുദ്ധരായ ജനങ്ങളെയാണ് അഭിസംബോധന ചെയ്യുന്നതെന്നും പിണറായി വിജയൻ മറക്കുകയാണ്.

വിവാദമായ പിആർ ഏജൻസി, തൃശൂർ പൂരം, എഡിജിപി തുടങ്ങിയ വിഷയങ്ങളിലെല്ലാം മുഖ്യമന്ത്രി പച്ചക്കള്ളങ്ങളാണ് പത്രസമ്മേളനത്തിൽ തട്ടിവിട്ടത്. ബിജെപിയുടെ അജണ്ട നടപ്പാക്കുന്ന വിഷയങ്ങളാണിവയെല്ലാം. അഭിമുഖത്തിലെ വിവാദ പരാമർശം പിആർ ഏജൻസികൾ എഴുതി നല്കിയതാണെന്ന് ദിഹിന്ദു പത്രം വിശദീകരിക്കുകയും ഏജൻസികൾ നിർദേശിച്ച പ്രകാരം അഭിമുഖം തയാറാക്കുകയും ചെയ്തിട്ട് അത് അപ്പാടെ നിഷേധിക്കുകയാണ്. പിആർ ഏജൻസി അവിടെ ഇല്ലായിരുന്നു എന്ന പച്ചക്കള്ളവും മുഖ്യമന്ത്രി ആവർത്തിക്കുന്നു.

എഡിജിപിയുടെ വീഴ്ചകൾ അക്കമിട്ടു നിരത്തി ഡിജിപി നല്കിയ റിപ്പോർട്ട് ഒക്കത്തുവച്ചുകൊണ്ടാണ് മറ്റൊരു റിപ്പോർട്ട് നല്കാൻ വീണ്ടും ഡിജിപിയെ ചുമതലപ്പെടുത്തിയത്. അതിന് പുറമെ

പൂരം കലക്കൽ അട്ടിമറിയിലെ ഗൂഡാലോചനയിൽ ക്രൈം ബ്രാഞ്ച് എഡിജിപിയും രഹസ്യാന്വേഷണ വിഭാഗം മേധാവിയും അന്വേഷണം നടത്തുമെന്നാണ് പറയുന്നത്. ഇതെല്ലാം വെറും പ്രഹസനമാണ്.

സിപിഐ തലകുത്തി നിന്നാൽപോലും എഡിജിപിയെ ഒരു ചുക്കും ചെയ്യില്ലെന്ന് പിണറായി വിജയൻ ആവർത്തിക്കുകയും ചെയ്തു. സിപിഐ സെക്രട്ടറി ബിനോയ് വിശ്വം കാശിക്കു പോകുന്നതാണ് നല്ലത്.

ബിജെപിയുമായുള്ള ബന്ധത്തെ ഊട്ടിയുറപ്പിക്കുന്നതാണ് മുഖ്യമന്ത്രിയുടെ ഓരോ നിലപാടും. അവരുടെ അജണ്ടകളാണ് കേരളത്തിലേക്കു മുഖ്യമന്ത്രി കൊണ്ടുവരുന്നത്. ബിജെപിയുടെ പിആർ ഏജൻസിയെ തന്നെ മുഖ്യമന്ത്രിയുടെ അഭിമുഖത്തിന് നിയോഗിച്ചത് ഇതേ ഉദ്ദേശ്യത്തോടു കൂടിയാണ്. ദേശീയ മാധ്യമങ്ങളിൽ മുഖ്യമന്ത്രിയുടെ അഭിമുഖവും പ്രസ്താവനകളും തുടർച്ചയായി നല്കാൻ ഇതേ ഏജൻസിയെയാണ് നിയോഗിച്ചത്. മതേതര കേരളത്തിന്റെ കടയക്കൽ കത്തിവച്ചുള്ള മുഖ്യമന്ത്രിയുടെ രാഷ്ട്രീയപ്രവർത്തനം നിയന്ത്രിക്കാൻ സിപിഎം കേന്ദ്ര നേതൃത്വം ഇടപെടണമെന്നും സുധാകരൻ ആവശ്യപ്പെട്ടു.

## വയനാട് മെഡിക്കൽ കോളേജിൽ ഒഴിവുകൾ

വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി ട്യൂട്ടർ/ ഡെമോൺസ്ട്രേറ്റർ, ജൂനിയർ റസിഡന്റ് തസ്തികകളിൽ നിലവിലുള്ള ഒഴിവുകളിൽ പ്രതിമാസം 45000 രൂപ ഏകീകൃത ശമ്പളത്തിൽ കരാർ അടിസ്ഥാനത്തിൽ ഒരു വർഷത്തേക്ക് നിയമനം നടത്തും.

എം.ബി.ബി.എസ് യോഗ്യതയും, ടിസിഎംസി/ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ (പെർമനന്റ്) രജിസ്ട്രേഷനുമുള്ള ഡോക്ടർമാർക്ക് ഇന്റർവ്യൂവിൽ പങ്കെടുക്കാം. താൽപര്യമുള്ള ഉദ്യോഗാർഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകൾ മാർക്ക് ലിസ്റ്റ്, പ്രവൃത്തിപരിചയം തെളിയിക്കുന്ന സാക്ഷ്യപത്രം, ആധാർ, പാൻ, വയസ് തെളിയിക്കുന്ന അസൽ രേഖകൾ സഹിതം 8ന് രാവിലെ 11 ന് കോളേജ് പ്രിൻസിപ്പലിന്റെ ഓഫീസിൽ നടക്കുന്ന വാക് ഇൻ ഇന്റർവ്യൂവിൽ പങ്കെടുക്കണം.

# 'സേതുവിന്റെ എതിരാളിയായി ക്യാമറയ്ക്കുമുന്നിൽ നിന്ന ഗാംഭീര്യം'

## മോഹൻരാജിനെ അനുസ്മരിച്ച് മോഹൻലാൽ



കിരീടം എന്ന സിനിമയിലെ വില്ലൻ കഥാപാത്രത്തിലൂടെ മലയാള ചലച്ചിത്രാസ്വാദകർക്ക് എക്കാലത്തേക്കുമായി കീരിക്കാടൻ ജോസായി മാറിയ അന്തരിച്ച നടൻ മോഹൻരാജിനെ അനുസ്മരിച്ച് മോഹൻലാലിന്റെ ഫേസ്ബുക് കുറിപ്പ്. ഒരു കഥാപാത്രത്തിന്റെ പേരിൽ എക്കാലവും അറിയപ്പെടുക എന്നത് അഭിനയ സിദ്ധിയുടെ മഹാനുഗ്രഹം നേടിയ കലാകാരന് മാത്രം ലഭിക്കുന്ന സൗഭാഗ്യമാണെന്ന് മോഹൻരാജിന് പ്രണാമം അർപ്പിച്ചുകൊണ്ട് മോഹൻലാൽ കുറിച്ചു.

കഥാപാത്രത്തിന്റെ പേരിൽ വിളിക്കപ്പെടുകയും അറിയപ്പെടുകയും ചെയ്യുക എന്നത് അഭിനയസിദ്ധിയുടെ മഹാനുഗ്രഹം നേടിയ കലാകാരന് മാത്രം കിട്ടുന്ന സൗഭാഗ്യമാണ്. കിരീടത്തിലെ കീരിക്കാടൻ ജോസ് എന്ന അനശ്വര കഥാപാത്രത്തെ അവതരിപ്പിച്ച പ്രിയപ്പെട്ട മോഹൻരാജ് നമ്മെ വിട്ടുപിരിഞ്ഞു. സേതുവിന്റെ എതിരാളിയായി തലയെടുപ്പോടെ ക്യാമറയുടെ മുന്നിൽ നിൽക്കുന്ന അദ്ദേഹത്തിന്റെ ഗാംഭീര്യം, ഇന്നലത്തെപ്പോലെ ഞാൻ ഓർക്കുന്നു. വ്യക്തിജീവിതത്തിൽ നന്മയും സൗമ്യതയും കാത്തുസൂക്ഷിച്ച എന്റെ പ്രിയപ്പെട്ട സുഹൃത്തിന് കണ്ണീരോടെ വിട.

# ആരോപണം പിൻവലിച്ച് ഖേദം പ്രകടിപ്പിക്കണം, ഇല്ലെങ്കിൽ ക്രിമിനൽ നടപടി: അൻവറിന് പി.ശശിയുടെ വക്കീൽ നോട്ടിസ്

തിരുവനന്തപുരം : നിലമ്പൂർ എംഎൽഎ പി.വി.അൻവറിന് വക്കീൽ നോട്ടിസ് അയച്ച് മുഖ്യമന്ത്രിയുടെ പൊളിറ്റിക്കൽ സെക്രട്ടറി പി.ശശി. സിപിഎം സംസ്ഥാന സെക്രട്ടറി എം.വി.ഗോവിന്ദന് നൽകിയ പരാതിക്കത്തിലെ ആരോപണങ്ങളിലാണ് വക്കീൽ നോട്ടിസ്. ശശിക്കെതിരായ ആരോപണങ്ങൾ പിൻവലിച്ച് ഖേദം പ്രകടിപ്പിക്കണമെന്നാണ് വക്കീൽ നോട്ടിസിൽ ആവശ്യപ്പെടുന്നത്.

ഹ...ഹ...ഹ... എന്നല്ല, വേണ്ടത് ചോദ്യങ്ങൾക്കുള്ള മറുപടി; അഭിമുഖം സംഘപരിവാർ സ്ക്രിപ്റ്റ്: വി.ഡി. സതീശൻ ആരോപണങ്ങൾ രാഷ്ട്രീയ ലക്ഷ്യത്തോടെയുള്ളതാണ്. പൊതുസമ്മേളനങ്ങളിലും വാർത്താസമ്മേളനങ്ങളിലും ഉന്നയിച്ച ആരോപണങ്ങളും സിപിഎം സംസ്ഥാന സെക്രട്ടറി എംവി ഗോവിന്ദന് നൽകിയ പരാതിയിലെ ആരോപണങ്ങളും കളവാണ്. അതെല്ലാം നിഷേധിക്കുന്നു.

പല ആരോപണങ്ങളും ശശിയെ അപകീർത്തിപ്പെടുത്താനായി ബോധപൂർവം പ്രസ്താവിച്ചതാണ്. പരാതികളിലും ഉന്നയിച്ച എല്ലാ ആരോപണങ്ങളും പിൻവലിച്ച് ഖേദം പ്രകടിപ്പിക്കണമെന്നും ആരോപണം ഉടൻ പിൻവലിച്ചില്ലെങ്കിൽ ക്രിമിനൽ നടപടി സ്വീകരിക്കുമെന്നും വക്കീൽ നോട്ടിസിൽ പറയുന്നു.

## ഇൻസ്ട്രക്ടർ അഭിമുഖം

ആറ്റിങ്ങൽ ഗവ. ഐ.ടി.ഐ യിൽ ഒഴിവുള്ള ഗസ്റ്റ് ഇൻസ്ട്രക്ടറുടെ (മെക്കാനിക് മെഷീൻ ടൂൾ മെയിന്റനൻസ് (എം.എം.ടി.എം)) താൽക്കാലിക തസ്തികയിൽ ഈഴവ വിഭാഗത്തിനായി സംവരണം ചെയ്തിട്ടുള്ള ഒരു ഒഴിവിലേക്ക് ഒക്ടോബർ 9ന് രാവിലെ 11 മണിക്ക് അഭിമുഖം നടത്തുന്നു. മെക്കാനിക്കൽ എൻജിനിയറിങ്ങിൽ ഡിഗ്രി/ ഡിപ്ലോമ അല്ലെങ്കിൽ എം.എം.ടി.എം ട്രേഡിലെ എൻ.ടി.സിയും മൂന്ന് വർഷത്തെ പ്രവർത്തിപരിചയം അല്ലെങ്കിൽ എം.എം.ടി.എം ട്രേഡിലെ എൻ.എ.സിയും ഒരു വർഷത്തെ പ്രവർത്തി പരിചയവുമാണ് യോഗ്യത. യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളും പകർപ്പുമായി രാവിലെ 10.30ന് ഐ.ടി.ഐ ഓഫീസിൽ നേരിട്ട് ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0470 2622391.

# ടെൻഡറുകൾ ക്ഷണിച്ചു

എറണാകുളം ജനറൽ ആശുപത്രിയിലെ വിവിധ വാർഡുകളിലേക്കും ഡിപ്പാർട്ടുമെന്റുകളിലേക്കുമായി ഒരു വർഷകാലയളവിലേക്ക് കരാടിസ്ഥാനത്തിൽ അംഗീകൃത കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ട്രോളി പുള്ളർ, ഡോർ സ്റ്റാഫ്, ഗേറ്റ് പാസ് സ്റ്റാഫ് ജീവനക്കാർക്കായുള്ള ടെണ്ടറുകൾ ക്ഷണിച്ചു. ടെൻഡർ ഫോമിന്റെ വില 6,200 രൂപയും ജി.എസ്.ടിയും. നിരതദ്രവ്യ നിക്ഷേപം 41,000 രൂപ. ടെൻഡർ ഫോമുകൾ വിതരണം അവസാനിക്കുന്ന തീയതി ഒക്ടോബർ 17. ടെൻഡർ സ്വീകരിക്കുന്ന അവസാന തീയതി ഒക്ടോബർ 18 രാവിലെ 11.30. ടെൻഡർ ഒക്ടോബർ 18ന് വൈകിട്ട് 3.30ന് തുറക്കും. ടെൻഡറുമായി ബന്ധപ്പെട്ട നിബന്ധനകൾ, വ്യവസ്ഥകൾ എന്നിവ വായിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രം ടെൻഡർ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾ ഓഫീസിൽ നിന്നും പ്രവൃത്തി സമയങ്ങളിൽ നേരിട്ട് അറിയാവുന്നതാണ്.

# പരീക്ഷ ഒക്ടോബർ 20ന്

സംസ്ഥാന സഹകരണ യൂണിയനിൽ ഒഴിവുള്ള സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർ ഗ്രേഡ് കകക, എൽ.ഡി ക്ലർക്ക് തസ്തികകളിലേക്ക് താൽക്കാലിക നിയമനത്തിനായുള്ള എഴുത്തു പരീക്ഷ 2024 ഒക്ടോബർ 20ന് ഞായറാഴ്ച രാവിലെ 10 മുതൽ 12 വരെ തിരുവനന്തപുരത്ത് കുറവൻകോണത്തുള്ള സഹകരണ പരിശീലന കോളേജ്/ കേന്ദ്രത്തിൽ വച്ച് നടത്തുന്നു. ഉദ്യോഗാർത്ഥികൾ രാവിലെ 9.30ന് മുമ്പ് പരീക്ഷാ ഹാളിൽ പ്രവേശിക്കേണ്ടതാണ്. ഒക്ടോബർ 5ാം തീയതി മുതൽ ഹാൾടിക്കറ്റ് അയച്ച് തുടങ്ങും. ഒക്ടോബർ 15ന് മുമ്പ് ഹാൾടിക്കറ്റ് ലഭിക്കാത്തവർ സംസ്ഥാന സഹകരണ യൂണിയൻ ഹെഡ്ഡാഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഫോൺ: 0471 2320420.

# അൻവറിന്റെ യുഡിഎഫ് പ്രവേശനം; ചർച്ച ചെയ്ത് തീരുമാനിക്കുമെന്ന് പി.കെ.കുഞ്ഞാലിക്കുട്ടി

മലപ്പുറം: ഇടതു മുന്നണി ബന്ധം ഉപേക്ഷിച്ച പി.വി.അൻവർ എംഎൽഎയുടെ യുഡിഎഫ് പ്രവേശനം തള്ളാതെ മുസ്‌ലിം ലീഗ് നേതാവ് പി.കെ.കുഞ്ഞാലിക്കുട്ടി. യുഡിഎഫ് ചർച്ച ചെയ്ത് ഇതു സംബന്ധിച്ച് തീരുമാനം എടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

അൻവർ ഉന്നയിച്ച ആരോപണങ്ങൾ ഗൗരവമുള്ളതാണ്. നിലമ്പൂരിൽ ലീഗ് തീരുമാനിച്ച പൊതുയോഗം നേതൃത്വം ഇടപെട്ട് മാറ്റി എന്നുള്ളത് അടിസ്ഥാന രഹിതമായ ആരോപണങ്ങളാണ്. അൻവർ പി. ശശിക്കെതിരായി ഉന്നയിച്ച ആരോപണങ്ങൾ ഗൗരവമുള്ളതാണ്. ആരോപണങ്ങളിൽ അന്വേഷണം നടത്തുകയാണ് വേണ്ടത്. ആരു ശ്രമിച്ചാലും മലപ്പുറത്തെ കലാപഭൂമിയാക്കാൻ കഴിയില്ലെന്നും പി.കെ.കുഞ്ഞാലിക്കുട്ടി കൂട്ടിച്ചേർത്തു. കേരളത്തിൽ എന്തൊക്കെയാണ് നടക്കുന്നത്. രാജ്യത്ത് വർഗീയ ധ്രുവീകരണമുണ്ടാക്കാൻ പിആർ ഏജൻസി മുഖ്യമന്ത്രിക്കൊപ്പം പ്രവർത്തിക്കുന്നത് എങ്ങനെയാണ്.

മുഖ്യമന്ത്രിക്ക് നാക്കുപിഴ സംഭവിച്ചതാണങ്കിൽ അംഗീകരിക്കാം. പക്ഷേ പിആർ ഏജൻസി ചെയ്തുവെന്നത് ഗൗരവം കൂട്ടുന്നു. ഈ വിഭജനം വിലപ്പോവില്ലെന്ന് വടകര ലോക്സഭ ഫലം തെളിയിച്ചെന്നും അദ്ദേഹം പറഞ്ഞു.

## കൗൺസിലർമാരുടെ പാനൽ രൂപീകരിക്കുന്നു

ഫാമിലികോർട്ട് (കേരള) റൂൾസ് (1989) ലെ റൂൾ 28, ഫാമിലി കോർട്ട് കേരള (അഡിഷണൽ റൂൾസ് 1990) ലെ റൂൾ 4 പ്രകാരവും അഡിഷണൽ കൗൺസിലർമാരുടെ പാനൽ രൂപീകരിക്കുന്നതിന് വേണ്ടി അപേക്ഷകൾ ക്ഷണിച്ചു. സോഷ്യൽ വർക്കിലോ (എം.എസ്.ഡബ്ല്യു), സൈക്കോളജിയിലോ ബിരുദാനന്തര ബിരുദവും ഫാമിലി കൗൺസിലിംഗിൽ 2 വർഷത്തെ പ്രവൃത്തി പരിചയമുള്ളവർക്ക് അപേക്ഷിക്കാം. താത്പര്യമുള്ളവർ അപേക്ഷയും ബയോഡേറ്റയും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഒക്ടോബർ 15ന് വൈകിട്ട് 5 മണിക്കു മുമ്പ് കുടുംബകോടതി ജഡ്ജിനു മുമ്പാകെ സമർപ്പിക്കണം.

# കോൺഗ്രസ് ഓഫീസിലേക്കുള്ള ഡിവൈഎഫ് ഐ പ്രകടനം സംഘർഷം സൃഷ്ടിക്കാനുള്ള ആസൂത്രിത നീക്കം: എം.ലിജു

സിപിഎമ്മും ആർഎസ്എസും തമ്മിലുള്ള രഹസ്യ സഖ്യം പുറത്തുവന്നതിന്റെ ജാള്യത മറയ്ക്കാൻ കോൺഗ്രസുമായി സംഘർഷം സൃഷ്ടിക്കാനുള്ള ആസൂത്രിത ശ്രമമാണ് മുഖ്യമന്ത്രി നടത്തുന്നതെന്നും അതിന്റെ ഭാഗമാണ് കെപിസിസി ആസ്ഥാനത്തും വിവിധ ഡിസിസികളിലേക്കും ഡിവൈഎഫ് ഐ നടത്തിയ അക്രമാസക്തമായ പ്രകടനങ്ങളെന്ന് കെപിസിസി സംഘടന ചുമതലയുള്ള ജനറൽ സെക്രട്ടറി എം.ലിജു.

സംഘപരിവാർ അജണ്ട കേരളത്തിൽ ഒളിച്ച് കടത്താനുള്ള നീക്കമാണ് സിപിഎമ്മും മുഖ്യമന്ത്രിയും ഏറ്റെടുത്തു നടപ്പാക്കുന്നത്. ആർഎസ്എസ് നേതാക്കളുമായി രഹസ്യമായി കൂടിക്കാഴ്ച നടത്തുന്ന എഡിജിപിയെ സംരക്ഷിക്കുകയും മലപ്പുറം ജില്ലയെ പ്രത്യേക ഉദ്ദേശ്യത്തോടെ അവഹേളിക്കുകയും ചെയ്യുന്നതെല്ലാം അതിന് തെളിവാണ്. അർഎസ്എസ് ബന്ധത്തിലൂടെ സിപിഎം അണികളിലുണ്ടാകുന്ന വലിയ ചോർച്ച ഒഴിവാക്കാൻ കോൺഗ്രസുമായി ആസൂത്രിത സംഘർഷം സൃഷ്ടിക്കുക എന്ന ഉദ്ദേശ്യവും ഇതിന് പിന്നിലുണ്ട്.മുഖ്യമന്ത്രിയുടെയും സിപിഎമ്മിന്റെയും സംഘപരിവാർ ബന്ധത്തിലൂടെ ഇതുവരെ അവർ ഉയർത്തിക്കാട്ടിയ മതേതരവാദം വെറും കപടമാണെന്ന് കേരളം തിരിച്ചറിഞ്ഞു. ഇതിൽ നിന്നെല്ലാം ജനശ്രദ്ധ തിരിക്കാൻ ആസൂത്രിതമായ രാഷ്ട്രീയ സംഘർഷമാണ് പോംവഴിയെന്ന തലതിരിഞ്ഞ സിപിഎമ്മിന്റെ ബുദ്ധിയിൽ നിന്ന് ഉദിച്ച ആശയമാണ് കോൺഗ്രസ് ഓഫീസുകളിലേക്കുള്ള ഡിവൈഎഫ്ഐയുടെ പ്രകടനങ്ങളെന്നും എം.ലിജു പറഞ്ഞു.

## പശ്ചിമേഷ്യയിലെ സംഘർഷം: ജാഗ്രതാ നിർദ്ദേശം പാലിക്കണം

പശ്ചിമേഷ്യയിൽ സംഘർഷം കടുക്കുന്ന സാഹചര്യത്തിൽ ഇവിടങ്ങളിൽ കഴിയുന്ന പ്രവാസി മലയാളികൾ വിദേശകാര്യ മന്ത്രാലയവും നോർക്ക റൂട്ട്സും നൽകുന്ന ജാഗ്രതാ നിർദ്ദേശം പാലിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. പ്രതിഷേധാർഹമായ നിലപാടാണ് ഇസ്രയേൽ സ്വീകരിക്കുന്നത്. യുദ്ധത്തിൽ നിന്ന് പിൻവാങ്ങണമെന്ന് ലോകം വലിയതോതിൽ ആവശ്യപ്പെടുമ്പോഴും യു. എസും നാറ്റോ സഖ്യവും ഇസ്രയേൽ നടത്തുന്ന ആക്രമണത്തിനും മനുഷ്യക്കുരുതിക്കും വലിയ പിന്തുണ നൽകുന്നതായി മുഖ്യമന്ത്രി പറഞ്ഞു.

## ഇംഗ്ലീഷ് ഗസ്റ്റ് അധ്യാപക നിയമനം

തിരുവനന്തപുരം ബാർട്ടൺഹിൽ ഗവ. എൻജിനിയറിങ് കോളജിൽ ഇംഗ്ലീഷ് വിഭാഗത്തിൽ താത്കാലിക ഗസ്റ്റ് അധ്യാപക നിയമനത്തിന് അഭിമുഖം നടത്തും. ഉദ്യോഗാർഥികൾ അസൽ സർട്ടിഫിക്കറ്റുകളും പകർപ്പുകളുമായി 8ന് രാവിലെ 10ന് കോളജിൽ ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 04712300484, 0471 2300485.

# ആർ.സി.സിയിൽ അസിസ്റ്റന്റ് പ്രൊഫസർ ഒഴിവ്

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കരാറടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ (സർജിക്കൽ ഓങ്കോളജി) തസ്തികയിലേക്ക് അപേക്ഷകൾ ക്ഷണിക്കുന്നു. ഒക്ടോബർ 21 വൈകിട്ട് 3 വരെ അപേക്ഷ സ്വീകരിക്കുന്നതാണ്. വിശദവിവരങ്ങൾ www.r-c-c-tvm.gov.in എന്ന ആർ.സി.സിയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

## ഓഫീസ് ട്രെയിനി അഭിമുഖം

തിരുവനന്തപുരം വനിത പോളിടെക്നിക് കോളേജിൽ പ്രവർത്തിക്കുന്ന കണ്ടിന്യൂയിങ് എഡ്യൂക്കേഷൻ സെല്ലിൽ ഓഫീസ് ട്രെയിനിയുടെ താൽക്കാലിക ഒഴിവിലേക്ക് ഒക്ടോബർ 7 ന് രാവിലെ 10 മണിക്ക് അഭിമുഖം നടത്തും. കൊമേഷ്യൽ പ്രാക്ടീസിലോ കമ്പ്യൂട്ടർ എൻജിനീയറിങ്ങിലോ 3 വർഷത്തെ ഡിപ്ലോമയാണ് യോഗ്യത. താൽപര്യമുള്ള ഉദ്യോഗാർഥികൾ വനിതാ പോളിടെക്നിക് കോളേജിൽ നേരിട്ട് ഹാജരാകണം.

# ഹർജി തീർപ്പാക്കി; മാമി തിരോധാനക്കേസിൽ സിബിഐ അന്വേഷണമില്ല

കൊച്ചി: കോഴിക്കോട്ടെ റിയൽ എസ്റ്റേറ്റ് വ്യാപാരി മാമി എന്ന മുഹമ്മദ് ആട്ടൂരിന്റെ തിരോധാനത്തിൽ സിബിഐ അന്വേഷണമില്ല. കേസ് സിബിഐ അന്വേഷിക്കണമെന്ന മാമിയുടെ കുടുംബത്തിന്റെ ഹർജി ഹൈക്കോടതി തള്ളി.

കേസ് സ്റ്റേറ്റ് ക്രൈംബ്രാഞ്ചിന്റെ പ്രത്യേക സംഘം അന്വേഷിച്ചുവരികയാണെന്നും സമയബന്ധിതമായി പൂർത്തിയാക്കുമെന്നും സംസ്ഥാന സർക്കാർ ഹൈക്കോടതിയെ അറിയിച്ചു. ഇത് അംഗീകരിച്ചാണ് തത്കാലം സിബിഐ അന്വേഷണം വേണ്ടെന്ന തീരുമാനത്തിലേക്ക് സിംഗിൾ ബെഞ്ച് എത്തിയത്.

റിയൽ എസ്റ്റേറ്റ് ബിസിനസുകാരനായ മുഹമ്മദ് ആട്ടൂരിനെ 2023 ഓഗസ്റ്റ് 22നാണ് കാണാതായത്. കോഴിക്കോട് വൈഎംസിഎ ക്രോസ് റോഡിലുള്ള നക്ഷത്ര അപ്പാർട്ട്മെൻറിൽ നിന്ന് ഓഗസ്റ്റ് 21ന് ഇറങ്ങിയ മുഹമ്മദ് ആട്ടൂരിന്റെ ഫോൺ കേന്ദ്രീകരിച്ച് അന്വേഷണം നടത്തിയിരുന്നു.

22ന് ഉച്ചവരെ അത്തോളി പറമ്പത്ത്, തലക്കുളത്തൂർ ഭാഗത്ത് മുഹമ്മദ് ആട്ടൂർ ഉള്ളതായി കണ്ടെത്തിയിരുന്നു. പിന്നീട് ഇദ്ദേഹം എവിടേക്ക് പോയെന്ന് പോലീസിന് കണ്ടെത്താനായിട്ടില്ല. നടക്കാവ് പോലീസാണ് കേസ് ആദ്യം അന്വേഷിച്ചിച്ചത്.

ഇത് കാര്യക്ഷമമല്ലെന്ന ആക്ഷേപം കുടുംബം തുടക്കം മുതൽ ഉന്നയിച്ചിരുന്നു. കോഴിക്കോട് കമ്മീഷണരുടെ മേൽനോട്ടത്തിലുള്ള സ്ക്വാഡും കേസ് അന്വേഷിച്ചിരുന്നു. പിന്നീടാണ് മലപ്പുറം എസ്പിയുടെ മേൽനോട്ടത്തിലുള്ള പ്രത്യേക അന്വേഷണ സംഘത്തിന് കേസ് എ!ഡി!ജിപി എം.ആർ. അജിത് കുമാർ കൈമാറിയത്.

കേസിൽ എഡിജിപി എം.ആർ.അജിത് കുമാറിനെ ബന്ധപ്പെടുത്തിയുള്ള ആരോപണം പി.വി.അൻവർ എംഎൽഎ ഉന്നയിച്ച സാഹചര്യത്തിലാണ് അന്വേഷണം ക്രൈംബ്രാഞ്ചിന് വിട്ടത്.

# പരാതി നൽകാൻ നിർബന്ധിക്കാനാവില്ലല്ലോ, തീരുമാനിക്കേണ്ടത് ഹേമ കമ്മിറ്റിക്ക് മൊഴി നൽകിയവർ: ഹൈക്കോടതി

കൊച്ചി : ഹേമ കമ്മിറ്റിക്ക് മുൻപാകെ മൊഴി നൽകിയവരാണ് കേസുമായി മുന്നോട്ടു പോകേണ്ട കാര്യത്തിൽ തീരുമാനമെടുക്കേണ്ടതെന്നും താൽപര്യമില്ല എന്നു പറ!ഞ്ഞാൽ നിർബന്ധിക്കാൻ കഴിയില്ലല്ലോ എന്നും ഹൈക്കോടതി. മൊഴികളിൽ ഉറച്ചു നിൽക്കുന്നെങ്കിലും കേസുമായി മുന്നോട്ടു പോകാൻ താൽപര്യമില്ല എന്നാണ് മൊഴി നൽകിയവർ അറിയച്ചതെന്ന് പ്രത്യേകാന്വേഷണ സംഘം അറിയിച്ചപ്പോഴാണ് കോടതി ഇങ്ങനെ അഭിപ്രായപ്പെട്ടത്.

തങ്ങൾക്കുണ്ടായ അനുഭവം ഭാവിയിൽ മറ്റാർക്കും ഉണ്ടാകരുതെന്നതാണ് മൊഴി നൽകിയവരുടെ ലക്ഷ്യം. ഇങ്ങനെയുള്ള സാഹചര്യങ്ങളിൽ അന്വേഷണം മുന്നോട്ടുപോകാനാവുമോയെന്നാണ് കോടതി ആരാഞ്ഞത്. ഹൈക്കോടതിയിൽ ഹാജരായ എസ്ഐടി സംഘത്തിലെ എസ്.അജിത ബീഗം, ജി.പൂങ്കുഴലി എന്നിവരിൽനിന്ന് ജസ്റ്റിസ് എ.കെ.ജയശങ്കരൻ നമ്പ്യാർ, ജസ്റ്റിസ് സി.എസ്.സുധ എന്നിവരടങ്ങിയ പ്രത്യേക ബെഞ്ച് വിവരങ്ങൾ നേരിട്ട് ചോദിച്ചറിഞ്ഞു.

അതേസമയം, കുറ്റകൃത്യം സംബന്ധിച്ചു വിവരം ലഭിച്ചാൽ കേസെടുത്ത് അന്വേഷിക്കേണ്ടതാണെന്നും എസ്ഐടിയുടെ നിലപാടിൽ തെറ്റുണ്ടെന്നുമായിരുന്നു ഹർജിക്കാരുടെ വാദം. പായിച്ചിറ നവാസ്, സജിമോൻ പറയിൽ തുടങ്ങിയവരുൾപ്പെടെ നൽകിയ ഹർജികളാണ് കോടതി മുമ്പാകെയുള്ളത്. കേസ് വീണ്ടും ഈ മാസം 14 ന് പരിഗണിക്കും. ഹേമ കമ്മിറ്റി റിപ്പോർട്ടിലെ എഡിറ്റ് ചെയ്ത ഭാഗങ്ങൾ! പുറത്തു വന്നതിനു പിന്നാലെ മുഴുവൻ റിപ്പോർട്ടും പ്രത്യേകാന്വേഷണ സംഘത്തിന് കൈമാറാൻ കോടതി നിർദേശിച്ചിരുന്നു. തുടർന്ന് ഇക്കാര്യത്തിലുണ്ടായ അന്വേഷണ പുരോഗതി അന്വേഷണ സംഘം കോടതിയിൽ മുദ്രവച്ച കവറിൽ സമർപ്പിച്ചു.

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട് സിനിമ നയം രൂപീകരിക്കുന്നതും കോൺക്ലേവ് നടത്തുനതും ഉൾപ്പെടെ സ്വീകരിച്ച നടപടികൾ സർക്കാർ ഇന്ന് കോടതിയിൽ വിശദീകരിച്ചു. സ്ത്രീകൾക്ക് തൊഴിലടത്തിൽ ഒരുക്കേണ്ട സൗകര്യങ്ങൾക്കാണ് പരിഗണന നൽകേണ്ടതെന്നും തൊഴിൽ സുരക്ഷ ഉറപ്പാക്കാനുള്ള നടപടികൾ ഉണ്ടോ എന്ന് പരിശോധിക്കണമെന്നും കോടതി നിർദേശിച്ചു.

സംഗീതം, സിനിമ, ടെലിവിഷൻ, നാടകം, സർക്കസ്, ഫാഷൻ എന്നിങ്ങനെ വിനോദ മേഖലക്കായി പുതിയ നിയമനിർമാണത്തിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിന് നിയമനിർമാണത്തെന്റ് ആവശ്യകത ചൂണ്ടിക്കാട്ടി വനിതാ കമ്മീഷൻ കോടതിയിൽ സത്യവാങ്മൂലം നൽകി. വിനോദ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അവസര സമത്വം ഉറപ്പുവരുത്തുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തികൊണ്ടാവും പുതിയ നിയമമെന്നും വനിതാ കമ്മിഷൻ കോടതിയെ അറിയിച്ചു.

ലിംഗ നീതി ഉറപ്പാക്കുന്നതും ലൈംഗിക അതിക്രമങ്ങൾ ഒഴിവാക്കുന്നതുമാണ് പുതിയ നിയമനിർമാണത്തിന്റെ പ്രധാന ലക്ഷ്യമെന്നും കമ്മീഷൻ പറഞ്ഞു. അതിനിടെ, ഹേമ കമ്മിറ്റിക്കു മുൻപാകെ അതിജീവിത നൽകിയ മൊഴി സ്വകാര്യ ചാനൽ പുറത്തുവിട്ടെന്ന ആരോപണം വനിത കമ്മിഷന്റെ അഭിഭാഷക കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി.

ജസ്റ്റിസ് ഹേമ കമ്മിറ്റിക്കു മുന്നിലോ പ്രത്യേക അന്വേഷണ സംഘത്തിനു മുന്നിലോ അതിജീവിതർ നൽകിയ മൊഴിയാണെന്ന് പ്രേക്ഷകർക്ക് തോന്നുന്ന വിധത്തിലുള്ള കാര്യങ്ങൾ സംപ്രേഷണം ചെയ്താൽ അത് ഗൗരവത്തോടെ കാണുമെന്ന് മാധ്യമ പ്രവർത്തകർക്ക് ഹൈക്കോടതി മുന്നറിയിപ്പ് നൽകി.

NAUTICAL TIMES KERALA

2024 October 4 Friday



# പൂരം 'കലക്കിയത്' തന്നെ; തിരഞ്ഞെടുപ്പ് ലക്ഷ്യംവെച്ച് അട്ടിമറി ശ്രമം നടന്നെന്ന് മുഖ്യമന്ത്രി

തിരുവനന്തപുരം: തൃശ്ശൂർ പൂരം കലക്കിയതാണെന്ന ആരോപണങ്ങൾ ശരിവെച്ച് മുഖ്യമന്ത്രി പിണറായി വിജയൻ. തിരഞ്ഞെടുപ്പ് ലക്ഷ്യംവെച്ച് ആസൂത്രിതമായ അട്ടിമറി ശ്രമം നടന്നുവെന്നും മുഖ്യമന്ത്രി പറഞ്ഞു. എഡിജിപി എം.ആർ.അജിത് കുമാർ സമർപ്പിച്ച റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് ചില കാര്യങ്ങൾ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ എഡിജിപിയുടെ റിപ്പോർട്ട് സമഗ്ര അന്വേഷണ റിപ്പോർട്ടായി കാണാനാകില്ലെന്നും മുഖ്യമന്ത്രി അറിയിച്ചു. തുടന്വേഷണവും മുഖ്യമന്ത്രി പ്രഖ്യാപിച്ചു.'തൃശ്ശൂർ പൂരവുമായി ബന്ധപ്പെട്ട് തുടക്കം മുതലേ പ്രശ്നമുണ്ടായി. എക്സിബിഷനുമായി ബന്ധപ്പെട്ട വിഷയമായിരുന്നു ആദ്യം ഉയർന്നത്. ആ ഘട്ടത്തിൽ ഇടപെടേണ്ടി വന്നിരുന്നു. അതിന് പരിഹാരമാകുകയും ചെയ്തു. ആനകളുമായി ബന്ധപ്പെട്ട ചില പ്രശ്നം ഉയർന്നിരുന്നു. അതും പരിഹരിച്ചു. ഇതിലെല്ലാം സർക്കാർ നിലപാട് എല്ലാ വിഭാഗം ജനങ്ങളും അണിനിരക്കുന്ന പൂരം കുറ്റമറ്റ രീതിയിൽ നടത്തുക എന്നതിനാണ്. ലോക്സഭാ തിരഞ്ഞെടുപ്പിന്റെ പ്രചാരണഘട്ടമായിരുന്നു പൂരം. അതിന്റെ അവസാനഘട്ടത്തിൽ ചില പ്രശ്നങ്ങളുണ്ടായി. പൂരം അലങ്കോലപ്പെടുത്താനുള്ള ശ്രമമുണ്ടായി എന്നത് ഗൗരവമായി എടുത്തത് കൊണ്ടാണ് അതിനെ കുറിച്ച് അന്വേഷണം പ്രഖ്യാപിച്ചത്. എഡിജിപിയെ ആണ് ഇതിന് ചുമതലപ്പെടുത്തിയത്. ആ അന്വേഷണ റിപ്പോർട്ട് സെപ്റ്റംബർ 23നാണ് ഡിജിപി സർക്കാരിന് സമർപ്പിച്ചത്. ആ റിപ്പോർട്ട് 24ന് എനിക്ക് ലഭിച്ചു' മുഖ്യമന്ത്രി പറഞ്ഞു.

അതൊരു സമഗ്രമായ അന്വേഷണ റിപ്പോർട്ടായി കരുതാനാകില്ല. പലതരത്തിലുള്ള നിയന്ത്രണങ്ങൾ പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് നടത്തേണ്ടി വന്നിരുന്നു. വിഷയത്തിൽ വ്യക്തമാകുന്ന കാര്യം കേരളത്തിലെ സാമൂഹിക അന്തരീക്ഷത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങൾ അവിടെ നടന്നിട്ടുണ്ട് എന്നുള്ളതാണ്. അത് വ്യക്തമായ ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത കാര്യമായാണ് കാണാനാകുക. അങ്ങനെ സംശയിക്കാനുള്ള അനേകം കാര്യങ്ങൾ എഡിജിപിയുടെ റിപ്പോർട്ടിൽ കാണുന്നുണ്ട്. തിരഞ്ഞെടുപ്പ് ലക്ഷ്യം മുൻനിർത്തി അരങ്ങേറിയ ഒരു ആസൂത്രിതമായ നീക്കമാണ് നടന്നത്. നിയമപരമായി അനുവദിക്കാൻ കഴിയുന്നതല്ലെന്ന് ബോധ്യമായ കാര്യം ബോധപൂർവ്വം ഉന്നയിക്കുക. തുടർന്ന് പ്രശ്നങ്ങളുണ്ടാക്കാൻ നോക്കുക എന്നിവയെല്ലാം റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. അവയെല്ലാം ഉൾപ്പടെ കുറ്റകൃത്യങ്ങളെല്ലാം അന്വേഷിച്ച് കണ്ടെത്തൽ അനിവാര്യമാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.




*മികച്ച വനിതാ തൊഴിൽദാതാവിനുള്ള അവാർഡ് ദേശീയ വനിതാ കമ്മീഷൻ അംഗം ഡെലീന ഖോങ്ഡൂപ്പിൽ നിന്ന് റിഫ്ളക്ഷൻസിനെ പ്രതിനിധീകരിച്ച് പീപ്പിൾ ആൻഡ് കൾച്ചർ മേധാവി ഉഷ ചിറയിലും ഡബ്ല്യുഇ ഫോറം നേതാവ് പാർവതി ശശിധറും ഏറ്റുവാങ്ങുന്നു.*

# അർഹരായ മുഴുവൻ പേർക്കും ഭൂമി നൽകുക സർക്കാർ ലക്ഷ്യം: മന്ത്രി കെ രാജൻ

### ജില്ലാതല പട്ടയമേളയിൽ 332 പട്ടയങ്ങൾ വിതരണം ചെയ്തു

നെയ്യാറ്റിൻകര: സ്വന്തമായി ഭൂമിക്ക് അർഹരായ മുഴുവൻ പേർക്കും ഭൂമി നൽകുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യമെന്ന് റവന്യൂ ഭവന നിർമാണ വകുപ്പ് മന്ത്രി കെ.രാജൻ പറഞ്ഞു. തിരുവനന്തപുരം ജില്ലാതല പട്ടയമേള നെയ്യാറ്റിൻകര എസ്. എൻ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

മൂന്നുവർഷത്തിനുള്ളിൽ കേരളത്തിൽ 1,80,887 പട്ടയങ്ങൾ നൽകാനായി. വളരെ കുറഞ്ഞ കാലയളവിനുള്ളിൽ രണ്ട് ലക്ഷത്തോളം പട്ടയങ്ങൾ നൽകുന്ന സർക്കാർ എന്ന നേട്ടം സ്വന്തമാക്കാനായത് അഭിമാനാർഹമാണെന്ന് അദ്ദേഹം പറഞ്ഞു. നാല് പട്ടയ മേളകളിലൂടെ ജില്ലയിൽ ഇതുവരെ 4,430 പട്ടയങ്ങളാണ് നൽകിയത്. സമ്പൂർണ്ണമായി സാമൂഹ്യ വനാവകാശ രേഖ നൽകുന്ന ജില്ലയായി തിരുവനന്തപുരം മാറിയെന്നും ജില്ലയിൽ 550 പേർക്ക് കടൽപുറമ്പോക്ക് പട്ടയങ്ങൾ കാലതാമസമില്ലാതെ വിതരണം ചെയ്യുമെന്നും മന്ത്രി വ്യക്തമാക്കി.

ഒരാൾക്ക് തന്റെ ഭൂമിയിൽ അവകാശം നേടുക എന്നത് ചെറിയ കാര്യമല്ല. അവകാശപ്പെട്ടവർക്ക് പട്ടയങ്ങൾ ലഭ്യമാക്കുന്ന ജനകീയ മുന്നേറ്റത്തിനാണ് കേരളം സാക്ഷ്യം വഹിക്കുന്നതെന്നും റവന്യു വകുപ്പ് മന്ത്രി കൂട്ടിച്ചേർത്തു.

സംസ്ഥാന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായി റവന്യൂ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കുന്ന 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ' എന്ന ആശയത്തിലൂന്നിക്കൊണ്ട് 332 പട്ടയങ്ങളാണ് ജില്ലയിൽ വിതരണം ചെയ്തത്. 44 എൽ.എ പട്ടയങ്ങളും 124 കോളനി പട്ടയങ്ങളും, 11 എൽ.റ്റി പട്ടയങ്ങളും 21 റ്റി.ആർ.ആർ ഉം നാല് കൈവശരേഖയും ആദിവാസി വിഭാഗങ്ങൾക്ക് 125 വനാവകാശ രേഖയും മൂന്ന് സാമൂഹ്യ വനാവകാശരേഖയുമാണ് പട്ടയമേളയിൽ നൽകിയത്.

വകുപ്പിനൊപ്പം ജനങ്ങളെ ചേർത്തു നിർത്തുന്ന പ്രവർത്തനങ്ങളാണ് റവന്യു വകുപ്പ് നടത്തുന്നതെന്നും, വകുപ്പിന്റെ ജനപക്ഷ നിലപാടുകൾക്ക് കൂടുതൽ പിന്തുണ നൽകാൻ കഴിയണമെന്നും പട്ടയ മേളയിൽ മുഖ്യാതിഥി ആയിരുന്ന ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി. ആർ അനിൽ പറഞ്ഞു.

കെ ആൻസലൻ എം. എൽ. എ ചടങ്ങിൽ അധ്യക്ഷനായിരുന്നു. എം. എൽ. എ മരായ സി. കെ ഹരീന്ദ്രൻ, ജി. സ്റ്റീഫൻ, ഐ. ബി സതീഷ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ്കുമാർ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി ചെയർപേഴ്സൺ പി. കെ രാജമോഹനൻ, ജില്ലാ കളക്ടർ അനുകുമാരി, അഡിഷണൽ ജില്ലാ മജിസ്ട്രേറ്റ് ടി. കെ വിനീത് എന്നിവരും പങ്കെടുത്തു.

# മികച്ച വനിതാ തൊഴിൽദാതാവിനുള്ള അവാർഡ് ടെക്നോപാർക്കിലെ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിന്

തിരുവനന്തപുരം: ടെക്നോപാർക്കിലെ ആഗോള ഐടി സൊല്യൂഷൻ ദാതാവായ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിന് അസോസിയേറ്റഡ് ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി ഓഫ് ഇന്ത്യ(അസോചം)യുടെ മികച്ച വനിതാ തൊഴിൽദാതാവിനുള്ള അവാർഡ്. 500 ൽ താഴെ ജീവനക്കാരുടെ വിഭാഗത്തിലെ മികവ് പരിഗണിച്ചാണ് പുരസ്കാരം. ന്യൂഡൽഹിയിൽ നടന്ന അസോചമിൻറെ അഞ്ചാമത് ഡൈവേഴ്സിറ്റി ആൻഡ് ഇൻക്ലൂഷൻ എക്സലൻസ് കോൺക്ലേവിൽ അവാർഡ് സമ്മാനിച്ചു.

ദേശീയ വനിതാ കമ്മീഷൻ അംഗം ഡെലീന ഖോങ്ഡൂപ്പിൽ നിന്ന് റിഫ്ളക്ഷൻസിനെ പ്രതിനിധീകരിച്ച് പീപ്പിൾ ആൻഡ് കൾച്ചർ മേധാവി ഉഷ ചിറയിലും ഡബ്ല്യുഇ ഫോറമിലെ പാർവതി ശശിധറും അവാർഡ് ഏറ്റുവാങ്ങി.

തൊഴിലിടങ്ങളിലെ നൈപുണ്യവും പ്രതിഭകളെയും പ്രോത്സാഹിപ്പിക്കുന്നതിനുള്ള മികച്ച പരിശീലനങ്ങൾ ഉൾപ്പെടെ വിവിധ വിഭാഗങ്ങളിലായി നൂറിലധികം കമ്പനികൾ പുരസ്കാരത്തിനായി മത്സരിച്ചു.

വനിതാ ജീവനക്കാരെ യഥാർഥ കഴിവുകൾ പ്രകടിപ്പിക്കാൻ സഹായിക്കുന്നതിനും ഭാവിയിൽ മറ്റ് മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനുമായി രൂപകൽപ്പന ചെയ്ത സംരംഭങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ പുരസ്കാരം പ്രചോദിപ്പിക്കുന്നുവെന്ന് ഉഷ ചിറയിൽ പറഞ്ഞു. ഡബ്ല്യുഇ ഫോറത്തിലെ സജീവ അംഗങ്ങൾക്കൊപ്പം റിഫ്ളക്ഷൻസ് സിഇഒയുടെയും നേതൃനിരയുടെയും പരിശ്രമങ്ങൾക്കുള്ള അംഗീകാരമാണിത്. ഈ അവാർഡിനായുള്ള ആദ്യ മത്സരത്തിൽ തന്നെ വിജയിച്ചത് വലിയ നേട്ടമാണെന്നും അവർ കൂട്ടിച്ചേർത്തു.

എച്ച്സിഎൽ ടെക്നോളജീസ് കോർപ്പറേറ്റ് വൈസ് പ്രസിഡൻറ് ശ്രീമതി ശിവശങ്കർ, യുബിഎസ് ബിസിനസ് സൊല്യൂഷൻസിലെ ഗുർപ്രീത് അറോറ, സൗത്ത് ഏഷ്യ റെക്കിറ്റ് എക്സ്റ്റേണൽ അഫയേഴ്സ് ആൻഡ് പാർട്ണർഷിപ്പ്സ് ഡയറക്ടർ രവി ഭട്നാഗർ, അസോചം മേധാവികൾ എന്നിവർ ഉൾപ്പെടുന്നതാണ് അവാർഡ് ജൂറി.

ഐടി മേഖലയിലെ പ്രമുഖ സാങ്കേതിക ഇന്നവേഷൻ സേവന ദാതാവാണ് റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസ്. നൂതന ഉത്പന്നങ്ങളും പരിഹാരങ്ങളും നൽകുന്നതിലും മികച്ച ഉപഭോക്തൃ കേന്ദ്രീകൃത സമീപനത്തിലും ശക്തമായ സാന്നിധ്യമാകാൻ റിഫ്ളക്ഷൻസ് ഇൻഫോ സിസ്റ്റംസിന് സാധിക്കുന്നു.

ഫോർച്യൂൺ ഇന്ത്യയും സിഐഇഎൽ എച്ച്ആറും ലിസ്റ്റ് ചെയ്ത 'ഇന്ത്യയിലെ മികച്ച 30 ഫ്യൂച്ചർറെഡി വർക്ക്പ്ലേസ്' 2024ൽ 'ജോലി ചെയ്യാനുള്ള മികച്ച സ്ഥലം' എന്ന പട്ടികയിൽ റിഫ്ളക്ഷൻസ് ഇടം പിടിച്ചു. ഇന്ത്യൻ തൊഴിൽ സേനയിലെ സ്ത്രീകളെക്കുറിച്ചുള്ള ഏറ്റവും വലിയ പഠനമായ അയോണിൻറെ വോയ്സ് ഓഫ് വിമൻ സ്റ്റഡി 2024 പ്രകാരമുള്ള മികച്ച നിലവാരത്തിലും റിഫ്ളക്ഷൻസ് ഉൾപ്പെടുന്നു.

### രണ്ടു നവീന ഉത്പന്നങ്ങളുമായി മിൽമ വിപണിയിലേക്ക്

# കാഷ്യു വിറ്റ പൗഡർ, ടെണ്ടർ കോക്കനട്ട് വാട്ടർ എന്നിവ വിപണിയിലെത്തും വിപണോദ്ഘാടനം മന്ത്രി ജെ. ചിഞ്ചുറാണി നിർവഹിക്കും

തിരുവനന്തപുരം: ഗുണമേൻമയുള്ള ഉത്പന്നങ്ങൾ ഉപഭോക്താക്കളിലേക്ക് എത്തിക്കുന്നതിൻറെ ഭാഗമായി കാഷ്യു വിറ്റ പൗഡർ, ടെണ്ടർ കോക്കനട്ട് വാട്ടർ എന്നീ ഉത്പന്നങ്ങൾ വിപണിയിലെത്തിച്ച് മിൽമ.

പുതിയ മിൽമ ഉത്പന്നങ്ങളുടെ വിപണോദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻറെ സാന്നിധ്യത്തിൽ ക്ഷീരവികസനമൃഗസംരക്ഷണ വകുപ്പ് മന്ത്രി ജെ. ചിഞ്ചുറാണി ശനിയാഴ്ച രാവിലെ 11.00 മണിക്ക് നിർവഹിക്കും. മസ്ക്കറ്റ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ തിരുവനന്തപുരം എംപി ശശി തരൂർ മുഖ്യാതിഥിയായിരിക്കും. അഡ്വ. വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിക്കും.

ക്ഷീരസംഘങ്ങൾക്കായുള്ള ഏകീകൃത സോഫ്റ്റ്വെയർ പോർട്ടലായ ക്ഷീരശ്രീ പോർട്ടൽഓൺലൈൻ പാൽ സംഭരണ വിപണന ഉദ്ഘാടനത്തോടനുബന്ധിച്ചാണ് ഉത്പന്നങ്ങൾ പുറത്തിറക്കുക. കർഷകർ ക്ഷീരസംഘത്തിൽ നല്കുന്ന പാലിൻറെ അളവിനും ഗുണനിലവാരത്തിനും അനുസൃതമായി കൃത്യമായ വില നല്കുന്നതിനുള്ള ഓൺലൈൻ സംവിധാനമാണിത്.

മിൽമ ചെയർമാൻ കെ. എസ് മണി, ക്ഷീരവികസന വകുപ്പ് ഡയറക്ടറും മിൽമ മാനേജിംഗ് ഡയറക്ടറുമായ ആസിഫ് കെ യൂസഫ് ഐഎഎസ്, ക്ഷീര കർഷക ക്ഷേമനിധി ബോർഡ് ചെയർമാൻ വി. പി ഉണ്ണികൃഷ്ണൻ, തിരുവനന്തപുരം റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ചെയർപേഴ്സൺ മണി വിശ്വനാഥ്, എറണാകുളം റീജിയണൽ കോഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ചെയർമാൻ എം. ടി ജയൻ എന്നിവരും പങ്കെടുക്കും.

കേരളത്തിൻറെ മുഖമുദ്രയായ ഇളനീരിനെ കേരളത്തിനകത്തും അയൽ സംസ്ഥാനങ്ങളിലേക്കും അന്താരാഷ്ട്ര വിപണിയിലേക്കും എത്തിക്കുന്നത് ലക്ഷ്യം വച്ച് മിൽമ അവതരിപ്പിക്കുന്ന ഉത്പന്നമാണ് മിൽമ ടെണ്ടർ കോക്കനട്ട് വാട്ടർ. യാത്രകളിൽ ഉൾപ്പെടെ സൗകര്യപ്രദമായി എവിടെയും എപ്പോഴും ലഭ്യത ഉറപ്പുവരുത്താവുന്ന വിധത്തിലാണ് ഉത്പന്നം വിപണിയിൽ ലഭ്യമാകുക.

പ്രത്യേക സാങ്കേതികവിദ്യയുടെ മികവിൽ മനുഷ്യ കരസ്പർശമേൽക്കാതെ തയ്യാറാക്കുന്ന ടെണ്ടർ കോക്കനട്ട് വാട്ടർ ഒൻപത് മാസം വരെ കേടാകില്ല. 200 മില്ലി കുപ്പികളിൽ ഇളനീരിൻറെ പോഷകമൂല്യങ്ങൾ ചോർന്നുപോകാതെ തയ്യാറാക്കിയിട്ടുള്ള ടെണ്ടർ കോക്കനട്ട് വാട്ടറിൻറെ ഒരു ബോട്ടിലിന് 40 രൂപയാണ് വില.

കേരളത്തിൻറെ ഏറ്റവും മികച്ച കാർഷിക ഉത്പന്നങ്ങളിലൊന്നായ കശുവണ്ടിയിൽ നിന്നും അന്താരാഷ്ട്ര വിപണി ലക്ഷ്യം വച്ച് അവതരിപ്പിക്കുന്ന ഉത്പന്നമാണ് മിൽമ കാഷ്യു വിറ്റ പൗഡർ. വ്യവസായ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനുമായി സഹകരിച്ചാണ് മിൽമ ഈ ഉത്പന്നം വിപണിയിലവതരിപ്പിക്കുന്നത്. മൈസൂരിലെ സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിഎഫ്ടിആർഐ) വികസിപ്പിച്ച സാങ്കേതികവിദ്യ ഉപയോഗിച്ചാണ് ഇത് ഉത്പാദിപ്പിക്കുന്നതെന്ന പ്രത്യേകതയുമുണ്ട്.

പാലിൽ ചേർത്ത് ഉപയോഗിക്കാവുന്ന ഒരു മികച്ച ഹെൽത്ത് ഡ്രിങ്ക് ആണ് മിൽമ കാഷ്യു വിറ്റ. അത്യാധുനിക പ്രോസസിങ് സാങ്കേതിക വിദ്യയുടെ മികവിൽ ആറ് മാസം വരെ പ്രിസർവേറ്റീവുകൾ ചേർക്കാതെ തന്നെ കേടുകൂടാതെ ഇരിക്കുന്ന ഈ ഉത്പന്നം ചോക്ലേറ്റ്, പിസ്ത, വാനില എന്നീ ഫ്ളേവറുകളിൽ 250 ഗ്രാം പാക്കറ്റുകളിലായാണ് ലഭിക്കുക.

മിൽമ ഉത്പന്നങ്ങളുടെ ഡിസൈനും അളവും വിലയും ഏകീകരിക്കുന്ന 'റീപൊസിഷനിംഗ് മിൽമ 2023' പദ്ധതിയുടെ ഭാഗമായി പാൽ, തൈര്, നെയ്യ് എന്നീ ഉത്പന്നങ്ങളെ കൂടാതെ വിപണിയിലെ മാറ്റങ്ങൾക്കും ഉപഭോക്താക്കളുടെ മാറുന്ന അഭിരുചിക്കും അനുസൃതമായി ഒട്ടനവധി പുതിയ ഉത്പന്നങ്ങൾ വിപണിയിലെത്തിച്ചിട്ടുണ്ട്. വിവിധ ഫ്ളേവറുകളിലുള്ള ഐസ്ക്രീമുകൾ, ഫ്ളേവേർഡ് മിൽക്കുകൾ, വിവിധ തരം പേഡകൾ, പനീർ ബട്ടർ മസാല എന്നിവ അവയിൽ ചിലതാണ്.

മിൽമയുടെ പുതിയ പ്രീമിയം ചോക്ലേറ്റുകളായ ഡെലിസ ചോക്ലേറ്റുകൾ, ഒസ്മാനിയ ബട്ടർ ബിസ്ക്കറ്റ്, ബട്ടർ ഡ്രോപ്സ് എന്നിവയ്ക്കും ആവശ്യക്കാരേറെയാണ്. ഉപഭോക്താക്കൾക്ക് വളരെ ഉപകാരപ്രദമായ നിരവധി ഇൻസ്റ്റൻറ് പ്രോഡക്റ്റുകളും മിൽമ അവതരിപ്പിക്കുന്നുണ്ട്. ഇൻസ്റ്റൻറ് പുളിശ്ശേരി മിക്സ്, റെഡിടു ഡ്രിങ്ക് പാലട പായസം എന്നിവയും ഉപഭോക്താക്കൾക്കായി മിൽമ വിപണിയിലവതരിപ്പിച്ചിരുന്നു.

മിൽമ ഉത്പന്നങ്ങളുടെ പാക്കിംഗ്, ഡിസൈൻ, ഗുണനിലവാരം, വിപണനം എന്നിവയിൽ സമഗ്രമായ മാറ്റം വരുത്തി സംസ്ഥാന മൊട്ടാകെ ഏകീകരിച്ച് വിപണിയിൽ അവതരിപ്പിക്കുന്ന പദ്ധതിയാണ് 'റീപൊസിഷനിംഗ് മിൽമ'. സംസ്ഥാനത്തിൻറെ ഉൾപ്രദേശങ്ങളിൽ പോലും മിൽമയുടെ എല്ലാ ഉത്പന്നങ്ങളും ലഭ്യമാക്കുന്ന രീതിയിൽ വിപണനശൃംഖല വികസിപ്പിക്കുവാനും സംസ്ഥാനത്ത് പാലുത്പാദനവും വിപണനവും മെച്ചപ്പെടുത്താനും വിപണിസാധ്യത പ്രയോജനപ്പെടുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ ചെയർമാൻ എസ്. ജയമോഹൻ, നാഷണൽ ഇൻഫർമാറ്റിക്സ് സെൻറർ സ്റ്റേറ്റ് ഇൻഫോർമാറ്റിക്സ് ഓഫീസർ ഡോ. സുചിത്ര പ്യാരേലാൽ, ക്ഷീരവികസന കോർപ്പറേഷൻ ജോയിൻറ് ഡയറക്ടർ (പ്ലാനിംഗ്) ശാലിനി ഗോപിനാഥ് എന്നിവരും സന്നിഹിതരായിരിക്കും.

## ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിലേക്ക് അപേക്ഷിക്കാം

സംസ്ഥാനത്തെ ബിരുദാനന്തര ബിരുദ ദന്തൽ കോഴ്സിൽ സംസ്ഥാനത്തെ കോളജുകളിൽ ഒഴിവുള്ള സീറ്റുകളിലേക്ക് പ്രവേശനം ആഗ്രഹിക്കുന്നവരും കേന്ദ്ര സർക്കാരിന്റെ പുതുക്കിയ മാനദണ്ഡ പ്രകാരം നീറ്റ് എം.ഡി.എസ് യോഗ്യത നേടിയിട്ടുള്ളവരുമായ വിദ്യാർഥികളിൽനിന്നും പ്രവേശന പരീക്ഷാ കമ്മീഷണർ ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. യോഗ്യരായ വിദ്യാർഥികൾക്ക് ഒക്ടോബർ 6ന് രാത്രി 11.59 വരെ അപേക്ഷിക്കാം.സ്ട്രേ വേക്കൻസി ഫില്ലിങ് അലോട്ട്മെന്റിനുശേഷം സംസ്ഥാന ദന്തൽ കോളജുകളിൽ ഒഴിഞ്ഞുകിടക്കുന്ന ജനറൽ കാറ്റഗറി സീറ്റുകളിലേക്ക് മാത്രമായിരിക്കും പുതുതായി യോഗ്യത നേടിയ വിദ്യാർഥികളെ പരിഗണിക്കുന്നത്. പുതുതായി അപേക്ഷ സമർപ്പിക്കുന്ന വിദ്യാർഥികൾ നേറ്റിവിറ്റി, ജനനതീയതി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും കമ്മ്യൂണിറ്റി/ കാറ്റഗറി/ ഫീസ് ആനുകൂല്യം (ബാധകമായവർക്ക് മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകളും ഓൺലൈൻ അപേക്ഷയോടൊപ്പം അപ്ലോഡ് ചെയ്യണം. വിശദമായ വിജ്ഞാപനം www.cee.kerala.gov.in ൽ ലഭിക്കും. ഫോൺ: 04712525300.

## സ്റ്റാഫ് നഴ്സ് അഭിമുഖം 11ന്

പെരുങ്കടവിള സാമൂഹികാരോഗ്യകേന്ദ്രത്തിൽ സ്റ്റാഫ് നഴ്സിന്റെ താത്കാലിക ഒഴിവിലേക്ക് അഭിമുഖം നടത്തുന്നു. ഒക്ടോബർ 11 രാവിലെ 11 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ വച്ചാണ് അഭിമുഖം നടത്തുന്നത്.ജനറൽ നഴ്സിങ് അല്ലെങ്കിൽ ബി.എസ്.സി നഴ്സിങ് ആണ് യോഗ്യത. കേരള നഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിൽ രജിസ്ട്രേഷനും ഒരു വർഷത്തെ പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.താത്പര്യമുള്ള ഉദ്യോഗാർത്ഥികൾ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെയും യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെയും അസൽരേഖകളുമായി അന്നേദിവസം രാവിലെ 10.30ന് പെരുങ്കടവിള സാമൂഹികാരോഗ്യ കേന്ദ്രത്തിൽ എത്തിച്ചേരണമെന്ന് മെഡിക്കൽ ഓഫീസർ ഇൻ ചാർജ് അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 2276169

## പി.ജി മെഡിക്കൽ കോഴ്സുകളിലേക്ക് ഓൺലൈനായി അപേക്ഷിക്കാം

കേരളത്തിലെ വിവിധ സർക്കാർ മെഡിക്കൽ കോളേജുകളിലേക്കും, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലും (ആർ.സി.സി), സ്വാകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലും ലഭ്യമായ എല്ലാ സീറ്റുകളിലേക്കും 202425 വർഷത്തെ വിവിധ ബിരുദാനന്തര ബിരുദ മെഡിക്കൽ ഡിഗ്രി കോഴ്സുകളിലേക്ക് പ്രവേശനത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചു. ഒക്ടോബർ 7ന് വൈകുന്നേരം 4 മണി വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ംംം.ര ലല.സലൃമഹമ.ഴീ.ശി വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. പ്രവേശനം സംബന്ധിച്ച വിശദമായ വിജ്ഞാപനം, പ്രോസ്പെക്ടസ് എന്നിവയ്ക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04712525300.

# അഞ്ചാം ക്ലാസ് വിദ്യാർഥിനികൾക്ക് നേരെ ലൈംഗീകാതിക്രമം; അധ്യാപകൻ അറസ്റ്റിൽ

ജയ്പുർ: പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ പീഡിപ്പിക്കുകയും അശ്ലീല വീഡിയോ കാണിക്കുകയും ചെയ്ത അധ്യാപകൻ അറസ്റ്റിൽ. രാജസ്ഥാനിലെ ടോങ്കിലാണ് സംഭവം.ഗോപാൽപുര ഗ്രാമത്തിൽ ജോലി ചെയ്യുന്ന അധ്യാപകനായ ലായിഖ് അഹമ്മദ് ഖുറേഷിയെ തിങ്കളാഴ്ച കോടതിയിൽ ഹാജരാക്കി 15 ദിവസത്തേക്ക് ജുഡീഷ്യൽ കസ്റ്റഡിയിൽ വിട്ടതായി പോലീസ് അറിയിച്ചു. അധ്യാപകനെ വിദ്യാഭ്യാസ വകുപ്പ് സസ്പെൻഡ് ചെയ്തു.

അഞ്ചാം ക്ലാസിൽ പഠിക്കുന്ന രണ്ട് പെൺകുട്ടികളുടെ കുടുംബങ്ങൾ ഖുറേഷിക്കെതിരെ വെള്ളിയാഴ്ച പരാതി നൽകിയിരുന്നു. ഖുറേഷിക്കെതിരെ പോക്സോ വകുപ്പ് ഉൾപ്പടെയാണ് പോലീസ് ചുമത്തിയിരിക്കുന്നത്.